Outlines of Gospel Harmony.

OUTLINES

OF

GOSPEL HARMONY

കാലക്രമാനുസാരമായി

രചിച്ച

യേശു ക്രിസ്തന്റെ ജീവചരിത്രം

MANGALORE
PRINTED BY STOLZ & HIRNER, BASEL MISSION PRESS
1874

OUTLINES

OF

GOSPEL HARMONY

കാലക്രമാനുസാരമായി

രചിച്ച

യേശു ക്രിസ്തുന്റെ ജീവചരിത്രം

MANGALORE
PRINTED BY STOLZ & HIRNER, BASEL MISSION PRESS
1874

☞ ഈ പ്രബന്ധം ഉപദേശിമാർ മുതലായ വേദപ്രിയരുടെ ഉപയോഗത്തിന്നായി ചമെച്ചിരിക്കുന്നു. ഇതിലെ കാലക്രമമായ വിവരം തുടൎച്ചയായി വായിപ്പാൻ ആഗ്രഹിക്കുന്നവൎക്കു വേണ്ടി പകുപ്പുകളെ 1. 2. 3. മുതലായ സംഖ്യകൾ കൊണ്ടു കുറിക്കയും അതാത് സ്ഥലത്തിൽ ചേൎക്കയും ചെയ്തു. എന്നാൽ കാണായ്വരുന്ന സൂചകങ്ങളെയും കൂടെ വായിക്കയും ധ്യാനിക്കയും ചെയ്വാൻ അപേക്ഷിക്കുന്നു.

പുതുനിയമത്തിലേ നാലു സുവിശേഷങ്ങളിൽ അടങ്ങുന്ന യേശു ക്രിസ്തന്റെ ജീവചരിത്രം.

കാലക്രമാനുസാരമായി രചിതം.

I.

തലവാചകം.

നമ്മുടെ കൎത്താവായ യേശുക്രിസ്തന്റെ ജീവചരിത്രത്തെ കാലക്രമാനുസാരമായി രചിച്ചു തരുവാൻ തുനിയുന്നേരം പല വൎഷങ്ങളായി നമ്മുടെ കയ്യിൽ വന്ന "സുവിശേഷസംഗ്രഹം" എന്ന പുസ്തകത്തിന്നു നീക്കം വരുത്തുവാൻ ആഗ്രഹം ഉണ്ടു എന്നു വിചാരിക്കരുതു; അതിനെ അധികം പ്രയോജനമാക്കുവാൻ തന്നെ വിചാരമേയുള്ളു. ആകയാൽ ഇതിൽ പറയുന്നതിനെ അതിനോടൊത്തു നോക്കി വായിക്കയും ചെയ്യേണം എന്നപേക്ഷിക്കുന്നു. ഇതു അതിന്റെ ഒരു ഉപാംഗമായി വിചാരിക്ക.

വേദശാസ്ത്രികളിൽ പലരും ഈ കാലക്രമത്തെ കുറിച്ചു പ്രബന്ധങ്ങളെ എഴുതിയെങ്കിലും ഇതു വരെ ഒത്തുവന്നില്ല. ചിലർ യേശുവിന്റെ പ്രവൎത്തനകാലം രണ്ടര കൊല്ലത്തോളം എന്നും മററു ചിലർ മൂന്നര വൎഷത്തോളം എന്നും പറകയാൽ അവന്റെ ജീവകാലം ഒട്ടാകെ ൩൨ — ൩൪ ആണ്ടുകൾ ആയിരുന്നു എന്നു നിശ്ചയിക്കുന്നു. എന്നാൽ പ്രവൎത്തന കാലത്തിന്റെ ആരംഭത്തിൽ അവന്നു മുപ്പത് വയസ്സുണ്ടായത് ലൂക് ൩, ൨൩ാമതിൽനിന്നു കാണുന്നതത്രെ ഈ പറഞ്ഞ വ്യത്യാസത്തിന്നു ഹേതുവാകുന്നു.

ചരിത്രത്തെ കാലക്രമമായി രചിപ്പതിലേ വിഷമം താഴെ കാണിക്കുന്ന ദൃഷ്ടാന്തങ്ങളാൽ വേണ്ടുവോളം തെളിയും എന്നു വിചാരിക്കുന്നു:

൧. ശിഷ്യന്മാർ കതിരുകളെ പറിച്ച ശബ്ബത്തിൽ തന്നെ യേശു കൈ വറണ്ടുള്ള മനുഷ്യനെയും സൌഖ്യമാക്കി എന്നു മത്തായും (൧൨, ൯), ഈ രണ്ടു കാൎയ്യങ്ങൾ വെവ്വേറെ ശബ്ബത്തുകളിൽ സംഭവിച്ചെന്നു ലൂക്കാവും (൬, ൬.) പറയുന്നു.

൨. മത്തായി ൨൧, ൧൨. ൧൭ — ൨൩ വരെയുള്ളത് മാൎക്കൻ ൧൧, ൧൫. ൧൯. മുതലായ വാക്യങ്ങളോടു ഒത്തു നോക്കിയാൽ പ്രയാസം വിളങ്ങാതെ ഇരിക്കയില്ല താനും.

എന്നിട്ടും ക്രിസ്തന്റെ ചരിത്രത്തെ ഈ വിധത്തിൽ വിചാരിക്കുന്നതിനാൽ വേദപ്രിയന്നും വിശേഷാൽ വചനത്തിന്റെ ശുശ്രൂഷെക്കായി വിളിക്കപ്പെട്ടവന്നും പ്രയോജനവും ഉപകാരവും ഉണ്ടു. എന്തെന്നാൽ പല വകപ്പുകൾ സംഭവിച്ചും പറയപ്പെട്ടുമുള്ള കാലത്തെ അറിഞ്ഞാലേ തീരേ ബോധിപ്പാൻ കഴിയുന്നതല്ലാതെ കൎത്താവു തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുന്നതിൽ വിശേഷമായൊരു ക്രമത്തെ (ക്രമോല്കൎഷം) ആചരിച്ചതും കാണുന്നതു വചനശുശ്രൂഷക്കാൎക്കു എത്രയും നല്ലൊരു മാതിരിയായ്നിടക്കുന്നു പോൽ!

എന്നാൽ ഇതിൽ തക്ക ന്യായങ്ങളെ മിക്കതും ഒഴിച്ചു ശാസ്ത്രികളുടെ അന്വേഷണ ഫലം ഉപകരിച്ചു ഒത്തു നോക്കീട്ടു കൃത്രിമം കുറഞ്ഞതിനെ അംഗീകരിച്ചു, കഴിയുന്നേടത്തോളം കാലക്രമത്തെ അനുസരിച്ചൊരു വിവരമാല മെടഞ്ഞു തരുവാൻ ആഗ്രഹിക്കുന്നു.

II.

യേശുവിന്റെ ജനനവഷം.

"ക്രിസ്തൻ എപ്പോൾ ജനിച്ചു" എന്നുള്ള ചോദ്യത്തിന്നു ഒന്നാമത് ഉത്തരം പറയേണ്ടതാവശ്യം എന്നു വിചാരിക്കുന്നു:

രോമാബ്ദം ൭൫൦ാം ആണ്ടിലെ പെസഹ പെരുനാളിന്നു മുമ്പെ മരിച്ച മഹാഹെരോദാ മശിഹ ജനിക്കുമ്പോൾ ജീവനോടിരുന്നതു പൊതുവിൽ ഏവരും സമ്മതിക്കും. പിന്നെ രോമനഗരാബ്ദം ൭൫൪ാം ആണ്ടു, ക്രിസ്ത്വാബ്ദത്തിലെ ൧ാം വഷമായി അംഗീകരിക്കപ്പെട്ടുകയാൽ, ക്രിസ്തൻ എങ്ങിനെ എങ്കിലും നമ്മുടെ ഒന്നാം വഷത്തിന്നു നാലു കൊല്ലം മുമ്പെ ജനിച്ചിരിക്കേണം. എന്നാൽ ഹെരോദാ മരിക്കും മുമ്പേ കത്താവു ജനിച്ചതല്ലാതെ മിസ്രാപലായനവും കൂടെ സംഭവിച്ചിരുന്നു. പിന്നെ പലായനം കഴിഞ്ഞശേഷം മാത്രം ദൈവാലയത്തിലേ അപ്പണം ഉണ്ടായി എന്നു ചിലരുടെ അഭിപ്രായം ഉള്ളതായാൽ ജനനാപ്പണങ്ങൾക്കുള്ളിൽ ൪൦ ദിവസം മാത്രം ഉണ്ടാവാൻ കഴികകൊണ്ടു കത്താവു രോമനഗരാബ്ദം ൭൫൦ാം വഷത്തിന്റെ ആദിയിൽ തന്നെ ജനിച്ചിരിക്കേണം; അല്ല എന്നു വരികിലോ തിരുജനനം ഈ പറഞ്ഞ ആണ്ടിന്നു മുമ്പുള്ള ൭൪൯ാം കൊല്ലത്തിൽ തന്നെ സംഭവിച്ചിരിക്കുന്നു എന്നു പറയേണം. (11ാം പകപ്പും നോക്കു).

ജ്യോതിജ്ഞാനിയായ കെപ്ലർ എന്ന വിദ്വാന്റെ കണക്കിൻപ്രകാരം രോമാബ്ദം ൭൪൭ാം ആണ്ടിലേ മെയി ൨൦, ഒക്തൊബർ ൨൭, നൊവമ്പർ ൧൨ എന്നീ തിയ്യതികളിൽ വ്യാഴവും ശനിയും മീനരാശിയിൽ യോഗം ചെയ്തു ഒരൊററ നക്ഷത്രം എന്ന പോലെ തോന്നി വന്നതുമല്ലാതെ പിറേറ വഷത്തിൽ ചൊവ്വയും കൂടെ ആ യോഗത്തിൽ ചേൎന്നു വന്നതു മാഗർ കണ്ട നക്ഷത്രം തന്നെ ആയിരുന്നു എന്നദ്ദേഹം ഊഹിച്ചു പോന്നു. മററവരോ അത് പാടില്ലാത്ത കാൎയ്യം എന്നും ക്രിസ്തൻ ജനിച്ചശേഷം മാഗർ കണ്ടത് ജ്യോതിജ്ഞാനികൾക്കു മാത്രം കാണ്മാൻ കഴിയുന്ന ഒരു അപൂൎവ്വ നക്ഷത്രം ആയിരുന്നു എന്നും പറയുന്നു. ചീനഗണിതത്തിലും രോ. ആ. ൭൫൦ാം വഷത്തിൽ അപൂൎവ്വമായ ഒരു നക്ഷത്രം കണ്ടപ്രകാരം ഉണ്ടു.

ഇവ ഒഴികെ പതിനഞ്ചാം നൂററാണ്ടിൽ ജീവിച്ച ഒരു യഹൂദശാസ്ത്രി ദാനീയേൽ പ്രവാചകന്റെ പുസ്തകത്തെ തൊട്ടൊരു വ്യാഖ്യാനം എഴുതിയതിൽ "മിസ്രയിൽനിന്നുള്ള ഇസ്രയേല്യരുടെ പുറപ്പാടിന്നു മീനരാശിയിലേ വ്യാഴ ശനികളുടെ ഒരു യോഗം മുഞ്ചൊന്നപ്രകാരം മശീഹയുടെ വരവിന്നും മുഞ്ചെല്ലും" എന്നു ഖണ്ഡിതമായി പറഞ്ഞതുമോൎക്കേണ്ടതു.

ഇത് തന്നെയല്ല, ൭൫൦ാമതിലെ പെസഹെക്കു മുമ്പേ മരിച്ച മഹാ ഹെരോദാ രണ്ടു വയസ്സു വരെയുള്ള കുട്ടികളെ കൊല്ലിച്ചതും കുറിക്കൊള്ളേണ്ടതു. പക്ഷേ അവൻ: "നാം അവന്റെ നക്ഷത്രത്തെ കണ്ടു" എന്നുള്ള മാഗരുടെ വാക്കിനാൽ കനാൻ ദേശത്തിലും കൂടെ കാണപ്പെട്ടു വന്നതായ ആ യോഗത്തെ ഓൎത്തിട്ടു തന്റെ ഘോര കല്പനയെ അരുളിച്ചെയ്തിരിക്കാം!

ഇപ്പറഞ്ഞവററെ ഓൎത്താൽ, "ക്രിസ്തൻ എപ്പോൾ ജനിച്ചു" എന്ന ചോദ്യത്തിന്നു തീൎച്ച പറവാൻ കഴിവില്ലാഞ്ഞാലും രോ. ആ. ൭൪൭—൭൫൦ വരെയുള്ള ആണ്ടുകളിൽ തിരുജനനം ഉണ്ടായിരുന്നു എന്നു നിശ്ചയിക്കാം. തീൎച്ച പറഞ്ഞേ കഴിയൂ എന്നു വെച്ചാൽ ൭൪൯ാം (ക്രിസ്ത്വാബ്ദം മുമ്പേ ൫ാം) വഷം തന്നെ ജനനവഷം ആകുന്നു എന്നു എന്റെ പക്ഷം.

III.

കാലക്രമചരിത്രം.

സൂചകം.

മൂന്നാദ്യ സുവിശേഷങ്ങളിൽ കാലക്രമാനുസാരം അത്രെ വിളങ്ങായ്കയാൽ അതിനെ അധികം സൂചിപ്പിക്കുന്ന യോഹന്നാന്റെ സുവിശേഷത്തെ തന്നെ വഴിക്കാട്ടി ആക്കേണ്ടതു. ഇതിലേ മുഖ്യസംഭവങ്ങളിൽനിന്നു നമുക്കു ഒരു സംക്ഷേപചരിത്രം ലഭിക്കകൊണ്ടു മുഴുചരിത്രത്തെ രചിക്കേണ്ടതിന്നു മറ്റെ സുവിശേഷങ്ങളിൽ ഉള്ള പൊരുളുകളെ ആ സംഭവമാലയോടു കെട്ടുവാൻ നോക്കുന്നതു യുക്തമത്രെ. യോഹന്നാൻ സുവിശേഷത്തിലേ സംഭവങ്ങൾ ആവിതു:

൧. സ്നാനം കഴിഞ്ഞശേഷം യേശു ഗലീലെക്കു യാത്രയായി കാനാവിൽ വെച്ചു തന്റെ ഒന്നാം അത്ഭുതം ചെയ്തു. ൨, ൧—൧൧.

൨. "അല്പം ചില ദിവസങ്ങൾ" കഫൎന്നഹൂമിൽ പാൎത്തിൽ പിന്നെ പെസഹ പെരുനാളിന്നായി യരുശലേമിലേക്ക് പോയി ദൈവാലയശുദ്ധീകരണവും നിക്കൊദേമനോടു സംഭാഷണവും (൪, ൪൫ നോക്കുക!) കഴിക്കയും ചെയ്തു. ൨, ൧൨. ൧൩. ൨൩; ൩;—.

൩. അവിടെനിന്നു യേശു യഹൂദ ദേശത്തിൽ വാങ്ങി പോയി തൻ ശിഷ്യരെ സ്നാനം കഴിപ്പാറാക്കി. ൩, ൨൨; ൪, ൨. (അന്നു സ്നാപകൻ തടവിലാക്കപ്പെട്ടിരുന്നില്ല.)

൪. പിന്നെ യേശു കൊയ്ത്തുകാലത്തിന്നു നാലു മാസം മുമ്പെ ഗലീലെക്കു പോയി. ൪, ൧—൩. ൩൫.

൫. പിന്നെയും കാനാവിലേക്കു ചെന്നു രണ്ടാം അടയാളം ചെയ്തു. ൪, ൪൬. ൫൪.

൬. അനന്തരം യേശു ഒരുത്സവത്തിന്നു യരുശലേമിലേക്ക് പോയി. ൫, ൧.

൭. പിന്നെ നാം കൎത്താവിനെ തിബൎയ്യ പൊയ്കക്കരെക്കും കഫൎന്നഹൂമിലും കാണുന്നു. ൬, ൧. ൫൯.

൮. അതിന്റെ ശേഷം യേശു യഹൂദരുടെ കുലപാതകഭാവം മൂലം യഹൂദ ദേശത്തിലേക്കല്ല ഗലീലയിൽ തന്നെ സഞ്ചരിച്ചു. ൭, ൧.

൯. കൂടാരനാൾ അടുത്തപ്പോൾ പരസ്യമായല്ല രഹസ്യമായത്രെ യരുശലേമിലേക്കു കയറി, പ്രതിഷ്ഠനാൾ വരെ താമസിച്ചു എങ്കിലും യഹൂദരുടെ ദ്രോഹം ഹേതുവായി പരയ്യ എന്ന യൎദ്ദനക്കരെയുള്ള ദേശത്തിൽ പോയി പാൎത്തു. ൭, ൨. ൧൦; ൧൦, ൨൨. ൩൯. ൪൦.

൧൦. അവിടെനിന്നു ബെത്ഥന്യയിൽ വന്നു ലാസരിനെ എഴുനീല്പിച്ചു. ൧൧, ൧. ൧൧.

൧൧. യഹൂദരുടെ പുതു ദ്രോഹം നിമിത്തം എഫ്രേം എന്ന സ്ഥലത്ത് വാങ്ങി പോയി പാൎത്തു. ൧൧, ൫൩. ൫൪.

൧൨. പിന്നെ യേശു പെസഹക്കാറുനാൾ മുമ്പെ ബെഥന്യയിൽ എത്തി യരുശലേമിലേക്ക് പോയി പ്രായശ്ചിത്തയാഗമായി മരിക്കയും ചെയ്തു. ൧൨, ൧ മറ്റും.

A.

സ്നാപകന്റെയും യേശുവിന്റെയും ശൈശവകാലം.

(കാലം: രോ. ആ. ൭൪൯—൭൬൧. ക്രി. ആ. മുൻ ൫—൮. പിൻ).

1. രോമചക്രവൎത്തിയായ ഔഗുസ്തൻ യഹൂദരാജാവായ ഹെരോദാ എന്നിവരുടെ കാലത്തിൽ പുരോഹിതകുലത്തിൽനിന്നുള്ള എലിശബെത്തിന്റെ ഭൎത്താവും ആചാൎയ്യനുമായ ജകൎയ്യക്കു ദൈവമുമ്പിൽ നില്ക്കുന്ന ദൂതനായ ഗബ്രി

യേൽ പ്രത്യക്ഷനായി വന്നു പറഞ്ഞതാവിതു: വാൎദ്ധക്യം ചെന്ന നിന്റെ ഭാൎയ്യ ഒരു പുത്രനെ പ്രസവിക്കും. ആയവനു യോഹന്നാൻ എന്ന പേർ വിളിക്കേണ്ടതല്ലാതെ, വരുവാനുള്ള ഇസ്രയേൽ കൎത്താവിന്നും ദൈവത്തിന്നും അവൻ മുന്നടന്നു ഇസ്രയേല്യരുടെ ഹൃദയങ്ങളിലേക്കാമാറു ആയവനു വഴി ഒരുക്കേണ്ടിയവനാകുന്നു. ജകൎയ്യ ഈ വാഗ്ദത്തത്തെ വിശ്വസിക്കായ്കയാൽ നിവൃത്തി വരുംവരെ ഊമനായി ഇരിക്കേണ്ടി വന്നു. ലൂക്. ൧, ൧൩—൨൦.

2. എലിശബെത്തിന്നു ഗൎഭം ആറു മാസം ആയാറെ മുമ്പറഞ്ഞ ആ ദൂതൻ തന്നെ ദാവീദ് പുത്രനായ യോസെഫിന്നു വിവാഹം നിശ്ചയിച്ചും, നചറത്തിൽ പാൎത്തും ഉള്ള കന്യകയായ മറിയക്ക് പ്രത്യക്ഷനായി വന്നു പറഞ്ഞതാവിത്: നീ വിശുദ്ധാത്മാവിനാൽ ഗൎഭിണിയായി യേശു എന്നൊരു പുത്രനെ പ്രസവിക്കും. ആയവൻ പിതാവായ ദാവീദിന്നു നിത്യ സിംഹാസനസ്ഥനായി അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെട്ടുകയും ചെയ്യുന്നതല്ലാതെ നിന്റെ ചാൎച്ചക്കാരത്തിയായ എലിശബെത്തും ദൈവത്തിന്റെ അത്ഭുതശക്തിയാൽ ഗൎഭിണിയായിരിക്കുന്നു എന്നു അവളോടും അറിയിച്ചു പോന്നു. ലൂക്. ൧, ൨൬—൩൮.

3. ഈ തേജോമയകൃപാവിളികൊണ്ടു ഉല്ലസിക്കുന്ന മറിയ വേഗേന യഹൂദമലകളിലേക്കു യാത്രയായി എലിശബെത്തിന്റെ അടുക്കൽ എത്തിയാറെ അവളാൽ തന്റെ കൎത്താവിന്റെ അമ്മയായി അനുഗ്രഹിക്കപ്പെട്ടതു മറിയക്കു പുതുകൃപാമുദ്രയായി തോന്നിയതിനാൽ ആത്മാവിൽ ആയി, ഒരു സ്തോത്രഗീതം പാടി. മൂന്നു മാസം കഴിഞ്ഞിട്ടു, എലിശബെത്ത് പ്രസവിക്കും മുമ്പെ തന്നെ, മറിയ മടങ്ങി പോന്നു. (ഇതിൻ പ്രകാരം മറിയ തന്റെ ഗൎഭത്തിലേ ഒന്നാം മാസത്തിൽ യഹൂദയിലേക്കു യാത്രയായത്.) ലൂക്. ൧, ൩൯—൫൬.

4. ഇതിന്നിടെ എലിശബെത്തിന്റെ സമയം വന്നെത്തി, അവൾ ഒരു പുത്രനെ പ്രസവിച്ചു; എട്ടാം നാളിൽ പുത്രന്നു പരിഛേദന കഴിക്കുമ്പോൾ ജകൎയ്യയുടെ വായ്തുറക്കപ്പെട്ടിട്ടു അവൻ ആത്മപൂൎണ്ണനായി ഒരു സ്തോത്രകീൎത്തനം കഴിക്കയും ചെയ്തു. ലൂക്. ൧, ൫൭—൮൦.

5. മറിയയുടെ ഗൎഭം കാണായ്വന്നതിനാൽ യോസെഫിന്നും ശ്രുതിയായി; യോസേഫ് അവളെ വിട്ടുവാൻ വിചാരിച്ചെങ്കിലും, കൎത്താവു നട്ടുനിന്നു അവനോടു മറിയ ഗൎഭിണിയായ്തു് വിശുദ്ധാത്മാവിലാകുന്നു എന്നും, അവൾ പ്രസവിക്കുന്ന പുത്രൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു ഉദ്ധരിക്കുന്നതാകകൊണ്ടു, അവന്നു യേശു എന്നു പേർ വിളിക്കയും ചെയ്യേണ്ടതാകുന്നു എന്നും സാക്ഷ്യം പറഞ്ഞ ശേഷം യോസെഫ് ദൈവകല്പനയെ അനുസരിക്കയാൽ അവളെ വലിയ ലജ്ജയിൽനിന്നു ഉദ്ധരിക്കയും ചെയ്തു. മത്താ. ൧, ൧൮—൨൫.

6. മറിയക്കു കാലം തികഞ്ഞുവരുമ്പോൾ ഔഗുസ്തൻ കൈസരുടെ ചാൎത്തലാജ്ഞ പ്രകാരം യോസേഫ് ബെത്ലെഹമിലെക്കു പുറപ്പെട്ടുമ്പോൾ മറിയയെ

യും കൂട്ടിക്കൊണ്ടു പോയി. ബെത്ലെഹമിൽ വെച്ചു അവൾക്കു സമയം തികഞ്ഞാറെ പുത്രനെ പ്രസവിച്ചു, ഭൂമിയിൽ വെച്ചു ജനനരാവിനെ കൊണ്ടാടുന്ന ദൂതന്മാർ ഇടയന്മാരെ കുട്ടിയുടെ ദൎശനത്തിന്നയക്കയും ചെയ്തു. ലൂക്. ൨, ൮—൨൰.

7. എട്ടു ദിവസം കഴിഞ്ഞാറെ കുട്ടിക്കു പരിഛേദനയോടു കൂടെ യേശു എന്ന നാമവും ലഭിച്ചു. ലൂക്. ൨, ൨൧.

8. നാല്പത് ദിവസം കഴിഞ്ഞാറെ ദൈവാലയത്തിലേ അൎപ്പണത്തിൽ ശീമ്യോൻ, ഹന്ന എന്നിവർ കുട്ടിയെ മശീഹാവായി ഗ്രഹിച്ചു വന്നു. ലൂക്. ൨, ൨൨—൩൯ a.

9. ദൈവാലയത്തിലേ അൎപ്പണം കഴിഞ്ഞിട്ടു ബെത്ലെഹമിലേക്കു മടങ്ങിവന്ന ശേഷം ഇസ്രയേലിൽനിന്നുള്ള ആദ്യവിളയായവരുടെ അംഗീകരണത്തിന്നു ജാതികളിൽനിന്നുള്ള ആദ്യവിളയുടെ വന്ദനം പിഞ്ചെല്ലുന്നു. ആയവർ തിരുവെഴുത്തിനാൽ മശീഹയെ കണ്ടെത്തി; ജാതികളായ ഇവരോ പ്രകൃതി ലക്ഷണത്താൽ നടത്തപ്പെട്ടവരാകുന്നു, ഒരു നക്ഷത്രം അവരെ യരുശലേമിലേക്കു എത്തിച്ചു. അവിടേനിന്ന് അവർ ബെത്ലെഹമിലേക്കു അയക്കപ്പെട്ട ശേഷം തങ്ങൾ അന്വേഷിച്ചതിനെ കണ്ടെത്തി എങ്കിലും, മഹാ ഹെരോദാവിന്നടുക്കെ തിരിച്ചു പോകരുതു എന്നു വിരോധം ഉണ്ടായി. മത്താ. ൨, ൧—൧൨.

10. ഇതിൻ നിമിത്തം ഹെരോദാ ഉൾക്രുദ്ധനായി ബെത്ലെഹമിലും ചൂഴവും രണ്ടുവയസ്സുവരെയുള്ള കുട്ടികളെ ഒക്കയും കൊല്ലുവാൻ കല്പിച്ചു. എന്നാൽ അവൻ ഇങ്ങിനെ ആലോചിച്ചു കൊണ്ടിരിക്കും സമയം യോസെഫിന്നു മിസ്രയിലേക്കു മണ്ടി പോകേണം എന്ന കല്പന ഉണ്ടായതല്ലാതെ അവൻ അപ്രകാരം അനുസരിക്കയും ചെയ്തു. മത്താ. ൨, ൧൩—൧൫.

11. ഹെരോദാ മരിച്ച ശേഷം യോസെഫ് ദൈവദൂതപ്രത്യക്ഷതയാൽ വിളിക്കപ്പെട്ടെങ്കിലും, താൻ ഇഛ്ശിച്ച പ്രകാരം ബെത്ലെഹമിൽ ചെന്നു പാൎപ്പാൻ വിലക്കപ്പെട്ടിട്ടു ദൈവത്തിന്റെ പ്രത്യേക കല്പനയാൽ ഗലീലയിലേ നചറത്തിൽ പോയി പാൎക്കേണ്ടി വന്നു. മത്താ. ൨, ൧൯—൨൩; ലൂക്. ൨, ൩൯ b.

സൂചകം: ലൂക്. ൨, ൩൯ാം പ്രകാരം അൎപ്പണം കഴിഞ്ഞ ശേഷം യോസെഫ് ബെത്ലെഹമിൽ തിരികെ ചേൎന്നു എന്നല്ല, ഉടനെ നചറത്തിലേക്ക് യാത്രയാകയാൽ അൎപ്പണം പലായനത്തിൽ പിന്നെ മാത്രമേ കഴിച്ചുള്ളു എന്നു പലരും പറയുന്നു; എന്തെന്നാൽ: അങ്ങിനെ തന്നെ ആയിരുന്നെങ്കിൽ മാത്രം ലൂക്. ൨, ൩൯; മത്താ. ൨, ൨൩ എന്നീവാക്കുകൾ ഒത്തു വരും എന്നവരുടെ പക്ഷം. എന്നാൽ ലൂക്. ൨, ൩൯ാം വാക്യത്തിൽനിന്നു മുമ്പറഞ്ഞതു തെളിഞ്ഞു വരേണം എന്ന നിൎബ്ബന്ധവും ആവശ്യവും ഞാൻ കാണുന്നില്ല. പലായനം കഴിഞ്ഞ ശേഷവും യോസെഫ് ബെത്ലെഹമിലേക്കു പോവാൻ വിചാരിച്ചതല്ലാതെ മത്താ. ൨, ൨൧. ൨൨ എന്നീവാക്കുകളെ സൂക്ഷ്മമായി ഒത്തു നോക്കിയാൽ യോസെഫ് പലായനത്തിന്റെ ശേഷം യരുശലേമിലേക്ക് പോയില്ല എന്നും തോന്നി വരും. പലായനത്തിന്റെ ശേഷം മാത്രം അൎപ്പണം കഴിക്കപ്പെട്ടെങ്കിലോ മത്തായിൽ കാണും ദൈവകല്പനെക്ക് യോസെഫ് വിരോധമായിരിക്കയും ഭയപ്പെട്ട അൎഹലാവിന്റെ പട്ടണത്തിൽ തന്നെ വരികയും വേണ്ടിയിരുന്നു. അതൊഴികെ

ജനനം മുതൽ അപ്പണം വരെയുള്ള ൪൦ ദിവസങ്ങൾക്കകം പലായനവും കഴിഞ്ഞു എന്നു വെച്ചാൽ അതിന്നുള്ള സമയം എത്രയും ചുരുക്കം; എന്നു തന്നെ അല്ല, മറിയക്കു മോശധൎമ്മത്തിൽ കല്പിച്ച ശുദ്ധീകരണകാലം ആചരിപ്പാൻ കഴിയുന്നതെങ്ങിനെ? (III., ൧൨, ൨—൪.) അതിനെ ആചരിച്ച പ്രകാരം ലൂക്കാ. (൨, ൨൨. ൩൯.) പറയുന്നുവല്ലോ. ഇതിൻപ്രകാരം ഇസ്രയേലിൽനിന്നുള്ള ആദ്യവിളയായവരുടെ അംശീകരണത്തിന്നു ജാതികളിൽനിന്നുള്ള ആദ്യവിളയുടെ വന്ദനം പിഞ്ചെല്ലുന്നു എന്നു പറയേണം. ലൂക്. ൨, ൩൯ാം വാക്കിലോ ബെത്ലെഹമിലേക്കുള്ള യാത്രയുടെയും പലായനം കഴിഞ്ഞുള്ള നചറത്ത പ്രയാണത്തിന്റെയും തുക വിവരം ഉണ്ടെന്നു വിശ്വസിക്കുന്നു. അതായ്ത്: ലൂക് ൨, ൩൯ൽ മത്തായി ൨ാം അദ്ധ്യായവും അടങ്ങി കിടക്കുന്നു പോൽ!

12. ഇരുവരുടെ വളൎച്ച് ദൈവാത്മാവിനാൽ നടത്തപ്പെട്ടു എങ്കിലും വിധത്തിൽ വ്യത്യാസമുണ്ടു. ലൂക്. ൧, ൮൦; ൨, ൪൦—൫൨.

൧. ജഡത്തിൽ നിന്നു ജനിച്ച യോഹന്നാൻ അഗ്രഗാമിയായി ഒരുങ്ങുംവരെ ആത്മാവു അവനെ മരുഭൂമിയിലേക്കു നടത്തുന്നു.

൨. യേശുവിന്മേലോ ദൈവാത്മാവു കരുണാത്മാവായി വസിക്കയും, അവനെ തനിക്കുള്ള പ്രത്യേകമായ ദൈവപുത്രത്വത്തിന്റെ പരിജ്ഞാനത്തിൽ കടത്തുകയും ചെയ്കതിനാൽ അവന്റെ ഭക്തിയുള്ള ജീവൻ പിതാവോടുള്ള നിത്യ കൂട്ടായ്മയായ്തീൎന്നു. ഇതിന്നു പന്ത്രണ്ടാം വയസ്സിലേ ദൈവാലയ പ്രവേശനം തുമ്പാകുന്നു; എന്നിട്ടും അവൻ തന്റെ അമ്മയപ്പന്മാൎക്കു അടങ്ങി പാൎത്തനുസരിക്കയും ചെയ്തു.

13. ഉല്പത്തിവ്യത്യാസത്തിൽ ഓൎക്കേണ്ടതു:

a. യോഹന്നാൻ പുരോഹിതകുലത്തിൽ നിന്നുള്ളവൻ,

b. യേശുവോ രാജകുലക്കാരനും ദിവ്യോല്പത്തിയുള്ളവനും ആകുന്നു.

മത്തായിലേ വംശാവലി പ്രകാരം യോസെഫിന്റെ ദത്തപുത്രനായ യേശു ദാവീദിന്റെ അവകാശി; ലൂക്കാവിലേ വംശാവലി പ്രകാരം ദാവീദിൻ വംശത്തിലുള്ളവനെങ്കിലും രാജകീയ സ്വത്വരൂപത്തിൽനിന്നല്ല. (പവിത്രചരിത്രത്തിലേ ൧൦൨ § നോക്കുക.) ഈ പകുപ്പു ഇവിടെ ചേൎക്കുന്നതു ഉചിതം എന്നു തോന്നി വേറൊരു സംഗതിയില്ല. മത്താ. ൧, ൧—൧൭; ലൂക്കാ. ൩, ൨൩—൩൮; യോഹ. ൧, ൧—൧൮.

സൂചകം: എലിശബെത്ത മറിയയുടെ "ചാൎച്ചക്കാരത്തി" ആയിരുന്നു എന്നു ലൂക്. ൧, ൩൬ൽ പറയുന്നതു പല തൎക്കങ്ങൾക്കു ഹേതു വരുത്തി: യവനഭാഷയിലേ വാക്കു നോക്കിയാൽ അതിന്റെ അൎത്ഥം "കൂടെ പിറന്നവൾ" എന്നാകുന്നു; അതായതു: "സമകുലക്കാരത്തി"; എന്നാൽ ഇവർ ഇരുവർ രാജകീയ പുരോഹിത കുലക്കാരത്തികൾ ആകകൊണ്ടു ആ വചനത്തിന്റെ അൎത്ഥം മാൎക്ക. ൬, ൪; രോമ. ൯, ൩ എന്നീ രണ്ടു സ്ഥലങ്ങളിൽ പ്രയോഗിച്ച പ്രകാരം വിചാരിക്കേണ്ടതാകുന്നു. ഈ സ്ഥലങ്ങൾ രണ്ടിലും ആ വാക്കിന്റെ അൎത്ഥം "ജാതിക്കാർ" എന്നാകുമ്പോലെ ലൂക് ൧൫൮ വിചാരിക്കേണം. അങ്ങിനെ അവർ ഇസ്രായൽ ജാതിസംബന്ധമുള്ളവർ.

B.

സ്നാപകന്റെ പ്രവൎത്തനവും യേശുവിന്റെ ശുശ്രൂഷാരംഭവും.

(കാലം: ൭൭൯—൭൮൦. ക്രി. ആ. ൨൬—൨൭. അഞ്ചു മാസം.)

14. യോഹന്നാൻ തന്റെ മുപ്പതാം വയസ്സിൽ ദൈവാത്മാവിന്റെ പ്രത്യേക നിയോഗ പ്രകാരം മരുഭൂമിയിൽ വെച്ചു പ്രസംഗിപ്പാനും സ്നാനപ്പെടുത്തുവാനും തുടങ്ങി. അടുത്തിരിക്കുന്ന മശീഹ തന്റെ ജനത്തെ തുററി ചിലരെ

ആത്മാവിനാലും തീയാലും സ്നാനപ്പെടുത്തുന്നതിനാൽ സ്വസ്ഥതയിലേക്കു കടത്തുകയും, ചിലരെ നിത്യാഗ്നിയിലേക്കു തള്ളുകയും ചെയ്യും. ജലത്താലുള്ള പുത്രത്വമല്ല, അനുതാപത്താലും സ്വത്വത്താലും മറ്റും ദൈവപ്രസാദം വരുത്തുന്നുള്ളു. മത്താ. ൩, ൧ — ൧൨; മാൎക്ക. ൧, ൧ — ൬. ലൂക്ക. ൩, ൧ — ൧൮.

സൂചകം: തിബെൎയ്യൻ എന്ന രോമകൈസരുടെ ൧൫ാം വാഴ്ചവൎഷത്തിൽ യോഹന്നാന്റെ പ്രവൎത്തനം ആരംഭിച്ചതു. ഈ പതിനഞ്ചാം വൎഷമോ രോ. ആ. ൭൮൦ാമതാകുന്നു എന്നത് സാധാരണ സമ്മതമത്രെ. എന്നാൽ ആ വാഴ്ചവൎഷം ൭൬൫ാം ആണ്ടിൽ തന്നെ തുടങ്ങിയെങ്കിൽ (അങ്ങിനെ ആയിരിക്കാമല്ലൊ) യോഹന്നാൻ ഈ ൭൬൫ാം കൊല്ലത്തിന്റെ രണ്ടാം പാതിയിൽ ശുശ്രൂഷയെ ഏറ്റു എന്നു വിചാരിക്കാം. യോഹ. ൨, ൨൦ാമതും കാലക്രമത്തിന്നു പ്രയോജനമുള്ളതെന്നു പലരുടെ അഭിപ്രായം. അവിടെ കുറിക്കുന്ന ൪൬ വൎഷം അന്നു തന്നെ കഴിഞ്ഞെങ്കിൽ, ചരിത്രക്കാരനായ യോസെഫ്യൻ കഥിക്കുന്ന പ്രകാരം, അന്നു രോ. ആ. ൭൮൦ാം വൎഷം ആയ്നടന്നു. എങ്ങിനെ എന്നാൽ: മഹാ ഹെരോദാ ൭൩൪ാമതിൽ ദൈവാലയത്തെ നവീകരിച്ചലങ്കരിപ്പാൻ തുടങ്ങി എന്നും അവന്റെ പുത്രനായ ഹെരോദാ അന്തിപ്പ ആ പ്രവൃത്തിയെ തീൎത്തു എന്നും പറയുന്നു; എന്നാൽ ആ ൪൬ വൎഷം ഈ സംഖ്യയോടു കൂട്ടിയാൽ ൭൮൦ കാണാകുമല്ലൊ. — ഇതു ഹേതുവായി യോഹന്നാന്റെ പ്രവൎത്തനാരംഭം ൭൬൫ാമതിൽ ആയിരുന്നു എന്നു നിശ്ചയിക്കുന്നു.

15. യോഹന്നാന്റെ പ്രസംഗത്താൽ പലരും മരുഭൂമിയിൽ ചെന്നു സ്നാനം ഏറ്റു. അങ്ങിനെ ഇരിക്കുമ്പോൾ ഒരു ദിവസം യേശുവും വന്നു സ്നാനം ചോദിച്ചു; ആദിയിൽ യോഹന്നാന്നു മനസ്സുണ്ടായില്ല എങ്കിലും പിന്നേതിൽ സമ്മതിക്കയും ചെയ്തു. യേശു വെള്ളത്തിൽനിന്നു കയറുമ്പോൾ ആത്മാവു അവന്മേൽ ഇറങ്ങി വന്നതിന്നു യോഹന്നാൻ കാണിയായി സാക്ഷി പറയുന്നു. ഇത് യൎദ്ദനക്കരെയും, ശവക്കടലോടടുത്തും ഉള്ള ബെത്ഥബാറാവിൽ സംഭവിച്ചത്. (യോഹ. ൧, ൨൮.) മാൎക്ക. ൧, ൯ — ൧൧; മത്താ. ൩, ൧൩ — ൧൭; ലൂക്ക. ൩, ൨൧ — ൨൨.

16. സ്നാനം കഴിഞ്ഞ ഉടനെ യേശു മരുഭൂമിയിൽ ചെന്നു പിശാചിനാൽ പരീക്ഷിക്കപ്പെട്ടു നാല്പതു ദിവസം അവിടെ പാൎത്തു, പിന്നേതിൽ യോഹന്നാന്റെ അരികെ തിരികെ ചേൎന്നു. മത്താ. ൪, ൧ — ൧൧; മാൎക്ക. ൧, ൧൨ — ൧൩; ലൂക്ക. ൪, ൧ — ൧൩.

17. ഇതിന്നിടെ സ്നാപകൻ യേശുവിനെ കുറിച്ചു ധ്യാനിച്ചു സുന്ഹെദ്രിയത്തിന്റെ ചോദ്യപ്രകാരം യേശുവിനെ സാക്ഷീകരിക്കയും ചെയ്തു. (ഇത് സ്നാപകന്റെ അന്ത്യ പ്രവൎത്തനാകാലത്തിൽ ആയിരുന്നു. അപ്പോ. പ്രവൃ. ൧൩, ൨൫.) ലൂക്ക. ൩, ൧൫ — ൧൮; മാൎക്ക. ൧, ൭ — ൮; (മത്താ. ൩, ൧൧ — ൧൨;) യോഹ. ൧, ൧൯ — ൩൪.

C.

യേശുവിന്റെ ആദ്യപ്രവൎത്തനവും, ഒന്നാം പെസഹയാത്രയും, യോഹന്നാന്റെ ഒടുക്കത്തെ സാക്ഷ്യവും.

(കാലം: രോ. ആ. ൭൮൦. ക്രി. ആ. ൨൭. മാൎച്ച മുതൽ ഡിസെമ്പർ വരേ; ൯—൧൦ മാസം.)

18. യേശു യോഹന്നാനാൽ തന്റെ പ്രവൎത്തനത്തിൽ കടത്തിയ ശേഷം തന്നെ അനുഗമിപ്പാനായി അഞ്ചു പേരെ വിളിച്ചു, മുമ്പരായ രണ്ടു പേരെ സ്നാപകൻ താന്തന്നെ അവന്റെ അടുക്കൽ അയച്ചു; ഇവർ യോഹന്നാൻ, അന്ത്രെയ, ശീമോൻ, ഫിലിപ്പൻ, നഥന്യേലാകുന്ന ബൎത്തൊല്മായി എന്നിവർ തന്നെ. യോഹ. ൧, ൩൫—൫൨.

സൂചകം: ഈ ശിഷ്യന്മാർ അന്നു തന്നെ അപ്പോസ്തലരായി വിളിക്കപ്പെടായ്കയാൽ പിന്നെയും ഒരിക്കൽ വിളിക്കപ്പെട്ട ശേഷം മാത്രം സകലവും വിട്ടു യേശുവോടെ ചേരുകയും ചെയ്തു.

19. പിന്നെ മൂന്നാം നാളിൽ യേശു കാനാവിലേക്കു പോയി അവിടെ തന്റെ ഒന്നാം അത്ഭുതം ചെയ്തു. പിന്നേതിൽ തന്റെ അമ്മയോടും സഹോദരന്മാരോടും കൂടെ കഫൎന്നഹൂമിലേക്കു ചെന്നു അല്പം ചില ദിവസങ്ങൾ അവിടെ പാൎക്കയും ചെയ്തു. യോഹ. ൨, ൧—൧൨.

സൂചകം: "അല്പം ചില ദിവസങ്ങൾ കഴിഞ്ഞിട്ടു" യേശു പെസഹപെരുനാളിന്നു പോയതു നമുക്കു പ്രവൎത്തനാരംഭത്തെ ഏകദേശം നിശ്ചയമായി കാണിക്കുന്നു. യേശു "അല്പം ചില ദിവസങ്ങൾ" പാൎത്ത കഫൎന്നഹൂമെ വിട്ടു, മാൎച്ച മാസത്തിൽ യരുശലേമിലേക്കു യാത്രയായെങ്കിൽ അവന്റെ സ്നാനം ആ വൎഷത്തിന്റെ ആദിയിൽ തന്നെ സംഭവിച്ചു എന്നു വിചാരിപ്പാൻ കഴിയുന്നതല്ലാതെ സ്നാപകൻ മുഞ്ചെന്ന വൎഷത്തിന്റെ അന്ത്യ മാസങ്ങളിൽ പ്രവൃത്തിപ്പാൻ തുടങ്ങിയതും ഊഹിപ്പാൻ സംഗതി ഉണ്ടു. എങ്ങിനെ എന്നാൽ യോഹന്നാൻ ൩൦ാമതിലും യേശു ൩൦ാമതിലും ശുശ്രൂഷയെ കയ്യേററിരിക്കുന്നു.

20. കഫൎന്നഹൂമിൽനിന്നു യേശു നേരെ യരുശലെമിലേക്കു യാത്രയായി എന്നു തോന്നുന്നു. ഈ പെസഹയിൽ അവൻ ദൈവാലയ ശുദ്ധീകരണം കഴിച്ചതല്ലാതെ നിക്കോദേമനോടു സംഭാഷിക്കയും ചെയ്തു. യോഹ. ൨, ൧൩—൩, ൨൧.

21. പെസഹ കഴിഞ്ഞിട്ട് യേശു യഹൂദദേശത്തിലേക്കു പോയി ദൈവരാജ്യത്തിന്റെ ഒരുമ്പാടിന്നായി, യോഹന്നാൻ ചെയ്ത പ്രകാരം, വരുന്നവൎക്കു തന്റെ ശിഷ്യരാൽ സ്നാനം കഴിപ്പിച്ചു. യോഹ. ൩, ൨൨. (൪, ൨.)

22. അക്കാലത്തു ശലേം അരികെയുള്ള ഐനോനിൽ സ്നാപകനും സ്നാനപ്പെടുത്തുന്നുണ്ടു. (ഐനോൻ എന്നത് ശവക്കടലിന്നധികം ഗലീലക്കടലിന്നു സമീപമായിരുന്നു). വിശുദ്ധീകരണത്തെ കുറിച്ചുള്ളോരു സംഭാഷണത്താൽ സ്നാപകനു യേശുവിനെ കുറിച്ചു തന്റെ ഒടുക്കത്തെ വിശേഷ സാക്ഷ്യമായ അന്ത്യഗീതം പറവാൻ സംഗതി വന്നു. യോഹ. ൩, ൨൩— ൩൬. [ലൂക്. ൩, ൧൯?]

23. യേശു ഇനിയും ഐനോനിൽ ചിലദിവസം താമസിച്ച ഇടയിൽ സ്നാപകൻ ഗലീലക്കു പോയി യേശുവിനെ സാക്ഷീകരിച്ചു, അതിൽ പിന്നെ വ്യഭിചാരിയായ ഹെരോദാവിനെ ശാസിക്കകൊണ്ടു തടവിൽ ആക്കപ്പെട്ടു.

ഈ വാൎത്ത യരുശലേമിലേ സുനേദ്രിയ സംഘത്തെയും കലക്കി; യേശു അതിനെ കേൾ്ക്കയാലും, തൻ്റെ അടുക്കൽ വരുന്ന സമൂഹങ്ങൾ മൂലമായി മേല്പെട്ടവരുടെ കണ്ണുകൾ തന്മേൽ വരുത്തികൊൾ്കയാലും യഹൂദദേശത്തെ വിട്ടു ഗലീലെക്കു യാത്രയായി. (ആകയാൽ യോഹന്നാൻ്റെ തടവുകാലം ൭൮൦ാം വൎഷത്തിൻ്റെ ഒടുക്കത്തെ മാസങ്ങളിൽ തുടങ്ങി എന്നു വിചാരിക്കുന്നു; അവൻ്റെ പ്രവൎത്തനകാലമൊ ൧൨—൧൩ മാസം ആയിരിക്കും.) യോഹ. ൪, ൧—൩. [മത്താ. ൪, ൧൨; മാൎക്ക. ൧, ൧൪; ലൂക്. ൪, ൧൪; യോഹ. ൪, ൪൫?]

D.

ഗലീലയാത്ര മുതൽ അയ്യായിരം പേരെ പോഷിപ്പിച്ചതു വരേ.

(കാലം: ൭൮൦—൭൮൨; ൨൭—൨൯; ഡിസമ്പർ മുതൽ ഏപ്രിൽ വരേ; പതിനഞ്ചു മാസം.)

സൂചകം: വഴിക്കാട്ടിയായ യോഹന്നാൻ്റെ സുവിശേഷത്തിൽനിന്നു മുങ്കാണിച്ച ൧൨ സംഭവങ്ങളിൽ ൪ മുതൽ ൭ വരേ ഈ അംശത്തിൽ അടങ്ങിയിരിക്കുന്നു:

a. മേല്പറഞ്ഞ ൭ാം സംഭവത്തിൽ കാണുന്ന ഭോജനം നാലു സുവിശേഷങ്ങളിൽ കഥിച്ചു കിടക്കയാൽ അതിനെ കൊണ്ടു ഒരു വിവരപ്പകുപ്പു കുറിക്കപ്പെട്ടു. എന്നാൽ ഈ പകുപ്പിൻ്റെ അന്തം ഭോജനം കൊണ്ടു കുറിക്കപ്പെട്ട പ്രകാരം അതിൻ്റെ ആരംഭം ഗലീലയാത്രയാകുന്നു. (എന്നാൽ ഈ സമയത്തിന്നകം മത്താ. ൪, ൧൨ — ൧൪, ൩൬; മാൎക്ക. ൧, ൧൪ — ൬, ൫൬; ലൂക്. ൪, ൧൪ — ൯, ൧൭; യോഹ. ൪, ൧ — ൬, ൭൧ എന്നിവററിലേ വിവരം ഒക്കയും സംഭവിച്ചിരിക്കുന്നു).

b. മേല്പറഞ്ഞ നാലാം സംഭവത്തിൽ "ഇനി കൊയ്ത്തോളം നാലു മാസം ഉണ്ടു" എന്നുള്ള യേശുവിൻ്റെ വാക്കിനാൽ ഒരു കാലനിശ്ചയം കൊടുക്കപ്പെട്ടു എന്നു തോന്നുന്നു. ഈ വചനത്തെ ചിലർ പഴഞ്ചൊല്ലായി കരുതികൊൾ്കയാൽ യാതൊരു കാലവിവരം ഇതിലില്ല എന്നു നിശ്ചയിക്കുന്നതിന്നു മത്താ. ൧൬, ൨. ൩ എന്നീ ശ്ലോകങ്ങളെ തുമ്പായി എടുത്തു വരുന്നു. എന്നാൽ ഇവ രണ്ടിലേ വ്യത്യാസം തല്ക്ഷണം കാണുന്നു. യോഹ. ൨, ൩൫ാമത് പഴഞ്ചൊല്ലായാലും അന്നു കൊയ്ത്തോളം നാലു മാസം ഉണ്ടായെങ്കിൽ മാത്രമെ യേശുവിൻ്റെ വചനത്തിന്നു അൎത്ഥമുണ്ടു താനും. ആകയാൽ ഈ വചനത്തെ കാലം കുറിക്കുന്നതായി എടുത്തു, യേശു ഏപ്രിൽ മുതൽ നൊവമ്പർ വരേ യഹൂദദേശങ്ങളിൽ പ്രവൃത്തിക്കയും ഡിസെമ്പർ മാസത്തിൽ ശമൎയ്യയിൽ കൂടി സഞ്ചരിക്കയും ചെയ്തു എന്നു വിശ്വസിക്കുന്നു. ഇതിൻപ്രകാരം കാലവിവരം ആവിതു:

24. യേശു ആത്മാവിനാൽ നടത്തപ്പെട്ടവനായി യഹൂദദേശത്തിൽ അംഗീകരണം കാണായ്കയാലും, തൻ്റെ അവസാനത്തെ താനായി അടുപ്പിപ്പാൻ മനസ്സില്ലായ്കയാലും അവിടെനിന്നു വിട്ടു പോയി ഗലീലയിൽ കൂടി ശമൎയ്യെക്കു യാത്രയായി, ശിഖേം എന്ന സ്ഥലത്തു ഒരു ശമൎയ്യ സ്ത്രീയോടു സംഭാഷിക്കയും രണ്ടു ദിവസത്തോളം ഉള്ള താമസം കൊണ്ടു ശമൎയ്യയിൽ നല്ലോരു കൊയ്ത്തു കഴിച്ച ശേഷം, യോഹ. ൪, ൪—൪൨; മത്താ. ൪, ൧൨. ലൂക്. ൪, ൧൪.

25. ഗലീലയിൽ എത്തിയാറെ ഗലീലക്കാർ, വിശേഷിച്ചും ഉത്സവത്തിന്നു പോയവർ, അവനെ സന്തോഷത്തോടെ കൈക്കൊണ്ടു; നചറത്തിലെക്കു പോവാൻ മനസ്സില്ലായ്കയാൽ, യോഹ. ൪, ൪൩—൪൫; (മത്താ. ൪, ൧൩.)

26. വീണ്ടും കാനാവിലേക്കു പോയി രാജഭൃത്യന്റെ മകനെ സൌഖ്യമാക്കുകയും ചെയ്തു. യോഹ. ൪, ൪൬—൫൪.

27. അവിടെ നിന്നു കഫൎന്നഹൂമിലേക്കു പോയി ഇരുളിൽ കിടക്കുന്നതും, നിവാസികൾ ഏറിയതുമായ ഈ പട്ടണത്തെ തന്റെ പാൎപ്പിടമായി തെരിഞ്ഞെടുത്തു. (യേശു കാനാവിൽനിന്നു നചറത്തിൽ കൂടി കഫൎന്നഹൂമിലേക്കു പോയിരിക്കാം.) മത്താ. ൪, ൧൩—൧൬.

28. അന്നു മുതൽ യേശു സ്നാപകനൊത്തവണ്ണം "ദൈവരാജ്യം സമീപമായിരിക്കകൊണ്ടു അനുതാപപ്പെട്ടുവിൻ" എന്നു പള്ളികൾതോറും പരസ്യമായി പ്രസംഗിപ്പാൻ തുടങ്ങി. മത്താ. ൪, ൧൭; മാൎക്ക. ൧, ൧൪—൧൫; ലൂക്ക. ൪, ൧൫.

29. ഈ പ്രയാണത്തിൽ യേശു ഈരണ്ട് സഹോദരരായ നാല് മീൻപിടിക്കാരെ അപ്പോസ്തലരായി തന്നെ അനുഗമിപ്പാൻ വിളിച്ചു. മത്താ. ൪, ൧൮—൨൨; മാൎക്ക. ൧, ൧൬—൨൦; ലൂക്ക. ൫, ൧—൧൧.

സൂചകം: ലൂക്കാ പേത്രന്റെ വിളിയെ പിന്നെ മാത്രം വിവരിക്കുന്നു; എന്നാൽ രണ്ടാമതായൊരു വിളി ഒന്നാമത്തതിന്നു സ്ഥിരത വരുത്തേണമെങ്കിൽ മാത്രം ഉണ്ടായി എന്നു സമ്മതിക്കാം. ഈ രണ്ടാം വിളിയെ മുറുക പിടിക്കേണ്ടതിന്നു രോമസഭക്കാൎക്കു അധികം താല്പൎയ്യം ഉണ്ടാവാൻ സംഗതിയുള്ളു! നാമോ ലൂക്കാവിൽ പറഞ്ഞതിനെ മത്തായി മാൎക്ക എന്നിവർ പറയുന്നതിനോടു ചേൎക്കുന്നതിൽ യാതൊരു ന്യായക്കേട് കാണുന്നില്ല.

30. യാത്രയിൽനിന്നു മടങ്ങി വന്ന ഒന്നാം ശബ്ബത്തിൽ കഫൎന്നഹൂം പള്ളിയിൽ വെച്ചു പ്രസംഗിക്കുമ്പോൾ അശുദ്ധാത്മാവുള്ളൊരു മനുഷ്യനെ സൌഖ്യമാക്കി. മാൎക്ക. ൧, ൨൧—൨൮; ലൂക്ക. ൪, ൩൧—൩൭.

31. അവിടെനിന്നു യേശു ശീമോന്റെ വീട്ടിലെക്കു ചെന്നു പേത്രന്റെ അമ്മായി പനിച്ചു കിടക്കയാൽ അവളുടെ കയ്യെ പിടിച്ചു സൌഖ്യമാക്കി. മാൎക്ക. ൧, ൨൯—൩൧; ലൂക്ക. ൪, ൩൮—൩൯; മത്താ. ൮, ൧൪—൧൫.

സൂചകം: മത്തായി ഈ കഥയെ ചേൎച്ചകൂടാതെ പിന്നേത്തതിൽ മാത്രം വിവരിക്കുന്നു; എന്നാൽ അതന്നു തന്നെ സംഭവിച്ചു എന്നു മാൎക്കനും ലൂക്കാവും പറയുന്നു. (വ്യാധിക്കാരെ കൊണ്ടു വരുന്നവൎക്കു ശബ്ബത്ത് കഴിയുംവരേ താമസിപ്പാൻ താല്പൎയ്യം ഉണ്ടല്ലൊ!).

32. ആ ദിവസം വൈകുന്നേരത്ത് യേശു പല ദീനക്കാരെയും, ഭൂതഗ്രസ്തരെയും സൌഖ്യമാക്കി. മാൎക്ക. ൧, ൩൨—൩൪; ലൂക്ക. ൪, ൪൦—൪൧; മത്താ. ൮, ൧൬—൧൭.

33. പിറേറ രാത്രിയിൽ യേശു പ്രാൎത്ഥിപ്പാൻ ഏകാന്തത്തിൽ പോകുമ്പോൾ ശീമോനും മററവരും അവനെ പിടിപ്പാൻ ആഗ്രഹിച്ചുവെങ്കിലും, യേശുവിന്നു വേറൊരു പ്രസംഗപ്രയാണം ചെയ്വാൻ മനസ്സുണ്ടാകയാൽ അവൻ പോയി സുവിശേഷത്തെ ഘോഷിക്കയും പിശാചുക്കളെ പുറത്താക്കുകയും ചെയ്തു. മാൎക്ക ൧, ൩൫—൩൯; ലൂക്ക. ൪, ൪൨—൪൪; മത്താ. ൪. ൨൩. (പേത്രൻ പിന്നെയും ഒരിക്കൽ വിളിക്കപ്പെട്ടു എന്നു പറയുന്നവർ ലൂക്ക. ൫, ൧—൧൧. ഇവിടെ തന്നെ ചേൎക്കുന്നു.)

സൂചകം:

ഇതുമുതലുള്ള വിവരങ്ങൾ കാലക്രമമായി ചേൎപ്പാൻ ബഹുപ്രയാസം ആകകൊണ്ടു നാലു സുവിശേഷങ്ങളെ ഒത്തു നോക്കീട്ടു കാലക്രമത്തെ അനേഷിച്ചു രചിപ്പാൻ കഴിവുള്ളു.—എന്നാൽ വിവരത്തിന്നു തക്ക ആധാരം കിട്ടേണ്ടതിന്നു താഴെ പറയുന്നവററെ സൂക്ഷിച്ചു നോക്കേണ്ടതാകുന്നു:

A. യോഹന്നാൻ അഞ്ചിൽ "യഹൂദരുടെ ഒരു ഉത്സവം" ചില കൈയെഴുത്തുകളിൽ കാണും പ്രകാരം "ആ ഉത്സവം" കൊണ്ടു പറയുന്നു. അതെന്തൊരുത്സവം എന്നു യോഹന്നാൻ പറയായ്കയാൽ പലരും ഓരോ ഉത്സവം വിചാരിച്ചു പോന്നു. എന്നാൽ അത് ഗലീലയാത്രാവൎഷത്തിലേ ഒരുത്സവം ആകട്ടെ, യേശു പോയ ആ ഒന്നാം പെസഹ ആകട്ടെ ആയിരുന്നില്ല താനും. യോഹന്നാൻ ആറിലും രണ്ടിലും ഉള്ള പെസഹപെരുനാളുകളുടെ ഇടയിൽ വേറൊരു പെസഹ ഇല്ലെങ്കിൽ മാൎച്ച മാസത്തിൽ ഉണ്ടായ പുരീം (ചീട്ടിടുന്ന ഉത്സവം) തന്നെ ആകേണം. എന്നാൽ ആ പുരീം ഉത്സവത്തിൽ മദ്യസേവ ഏറിയിരിക്കുന്നതല്ലാതെ ആളുകൾ സമൂഹമായി ചേരുന്നതുമല്ല എന്ന വൎത്തമാനം ഉണ്ടു; ആകയാൽ യേശു ഈ ഉത്സവത്തിന്നു പോവാൻ എന്താവശ്യം എന്നു ചോദിക്കാം? അതൊഴികേ പുരീം തന്നെ ആയെങ്കിൽ എന്നു വെച്ചാൽ ഗലീലയിലേ യേശുവിൻ പ്രവൎത്തനകാലം ൯ മാസം ആകട്ടെ, ഏറിയാൽ ൧ വൎഷം ആകട്ടെ ആയിരുന്നുള്ളു എന്നു യോഹന്നാൻെറ സുവിശേഷത്തിൽനിന്നു വിളങ്ങുമല്ലൊ. അതായതു: സ്നാനം കഴിഞ്ഞിട്ടു രണ്ടോ മൂന്നോ മാസവും, ഗലീലയാത്ര കഴിഞ്ഞിട്ടു രണ്ടു മാസവും, ആറാം അദ്ധ്യായത്തിലേ പെസഹ തുടങ്ങി ഒരു ആറു മാസവും, ൧൦ാം അദ്ധ്യായത്തിലേ പ്രതിഷ്ഠനാൾ കഴിഞ്ഞിട്ടു പക്ഷെ ഒന്നോ രണ്ടോ മാസവും അത്രെ. എന്നാൽ സുവിശേഷങ്ങളെ ഒത്തൊരുമിച്ചു വായിച്ചാൽ യേശു യഹൂദയിൽ പരം ഗലീലയിൽ അത്രെ പ്രവൃത്തിച്ചു എന്നുള്ള മനോപിടിത്തം ഇല്ലയോ?

എന്നാൽ അതു പുരീം അല്ല എന്നു വരികിൽ ൬ാം അദ്ധ്യായത്തിലേ പെസഹ ആയിരുന്നുവൊ? യോഹന്നാൻ പിമ്പിൽ സംഭവിച്ചതിനെ മുമ്പായി വിവരിച്ചാലേ ആ പെസഹ ആയിരിക്കാം; എന്നാൽ യേശു അതിന്നായി ചെല്ലാത്തതല്ലാതെ യോഹന്നാൻെറ സുവിശേഷത്തിലേ കാലക്രമം നോക്കിയാൽ താൻ അത് ചെയ്കിട്ടില്ല എന്നും വിചാരിപ്പാൻ സംഗതിയുണ്ടു.

അങ്ങിനെ ആകുന്നുവെങ്കിലൊ രണ്ടിലും ആറിലും പറയുന്ന പെസഹകൾക്കിടയിൽ വേറൊരു പെസഹ ഉണ്ടായിരുന്നു എന്നു നിശ്ചയിക്കേണ്ടതു. ഈ ഉത്സവം അത് തന്നെയോ? യേശു ചെന്ന പെസഹകളെ യോഹന്നാൻ എപ്പോഴും സൂചിപ്പിക്കയാൽ ഇതുവും ഒരു പെസഹ എന്നു തോന്നുന്നില്ല. എന്നതു താഴെ പറയുന്നതിനാൽ അധികം തെളിയും.

പെസഹ പെരുനാളുമല്ല എങ്കിൽ നമുക്കു രണ്ടു മഹോത്സവങ്ങളെ മാത്രം ഓൎപ്പാൻ ഉണ്ടു. അവയോ: ജ്രൂൻ മാസത്തിലേ പെന്തകോസ്തയും ഒക്തോബർ മാസത്തിലേ കൂടാരപ്പെരുനാളും തന്നെ.

എന്നിങ്ങിനെ ൪, ൩൫ മുതൽ ൬ാം അദ്ധ്യായം വരേ ൧൨ മാസം കഴിഞ്ഞു എന്നും, യേശുവിൻെറ പ്രവൎത്തന സമയത്തിന്നകം ൪ പെസഹ പെരുനാളുകൾ ഉണ്ടു എന്നും പറയേണം.

ഇതിന്നു ലൂക് ആറിലേ ദ്വിതീയാദ്യമായ ശബ്ബത്തെ തുമ്പായി വിചാരിക്കുന്നു. ഈ ശബ്ബത്ത് പെസഹ ആഴ്ചയിൽ മാത്രം ഉണ്ടാവാൻ കഴിയും. എങ്ങിനെ എന്നാൽ: ലേവീയപുസ്തകത്തിലേ ൨൩ാം അദ്ധ്യായപ്രകാരം ഈ ശബ്ബത്ത് നീസാൻ മാസത്തിലേ ൧൬നു-ക്കു മുമ്പുണ്ടാവാൻ കഴിവില്ല താനും. ആ ദിവസത്തിൽ തന്നെ ഒരു ആദ്യകററകൊണ്ടു കൊയ്ത്തിനെ ആരംഭിക്കയാൽ ശിഷ്യന്മാർ അതിന്നു മുമ്പായി കതിരുകളെ പറിച്ചു എങ്കിൽ പരീശന്മാർ അവരെ ധൎമ്മലംഘനക്കാരായി വിധിക്കുമായിരുന്നുവല്ലോ! (ആ ൧൬നു-ക്കു മുമ്പെ കതിരുകളെ പറിപ്പാൻ അനുവാദം ഉണ്ടായില്ല!). പിന്നെ നീസാനിലേ ൧൫ാംനു-യും ൨൧ാംനു-യും ശബ്ബത്തുകളായി ആചരിക്കയാൽ ഇവ രണ്ടിൻെറയും നടുവിൽ ഒരു സാധാരണ ശബ്ബത്ത് ഉണ്ടെങ്കിൽ അതിനെ ദ്വിതീയാദ്യമായ ശബ്ബത്ത് എന്നു വിളിപ്പാറുണ്ടു.

യേശു ഈ രണ്ടാം പെസഹയിൽ ചേരായ്കകൊണ്ടു (പക്ഷെ) യോഹന്നാൻ അതിനെ കുറിക്കൊള്ളാതു. ഇങ്ങിനെ ൫ാം അദ്ധ്യായത്തിലേ ഉത്സവം ഈ പെസഹ പെരുനാളിന്നു പിമ്പുള്ള പെന്തകോസ്ത ആകട്ടെ, കൂടാരപ്പെരുനാളാകട്ടെ ആയിരുന്നു എന്നു പറയേണ്ടു.

പല അഭിപ്രായങ്ങളെ നോക്കീട്ടു ശോധന ചെയ്ത ശേഷം ആ ഉത്സവം രോ. ആ. ൭൮൧ാം വൎഷത്തിലേ പെന്തകോസ്തു നാൾ തന്നെ എന്നു എന്റെ പക്ഷം. ഇതിന്നു സംഗതിയായി പറവാനുള്ളതാവിതു:

a. യോഹ. ൫, ൧൮ൽ യരുശലേമിലേ ആദ്യത്തെ മത്സരഭാവം കൊണ്ടു കേൾക്കയാൽ ഈ ഉത്സവത്തെ മാൎക്ക. ൩, ൨൨ാം വാക്കിനോടു തന്നെ കഴിയുന്നേടത്തോളം അടുപ്പിക്കേണ്ടതു.

b. പെന്തകോസ്തു തന്നെ ആയെങ്കിൽ കൃത്രിമം കൂടാതെ കണ്ട പൎവ്വതപ്രസംഗവും യോഹ. അഞ്ചിലേ സംഭാഷണമാകുന്ന അതിന്റെ മാറെറാലിയും എത്രെ നന്നായി ചേൎന്നു വരും!

B. ഈ **D** പകുപ്പിലേ ശിഷ്ട വിവരങ്ങളിൽ ഒത്തു വരുന്ന വെവ്വേറെ അംശങ്ങളുണ്ടു. ആയവറെറ താഴെ കാണിക്കാം:

a. മുപ്പത്തുമൂന്നാം സംഖ്യയിൽ കാണുന്ന പ്രസംഗയാത്രയോടു മാൎക്കൻ തന്റെ ൨ാം, ലൂക്കാ തന്റെ ൫ാം അദ്ധ്യായങ്ങളിൽ ("ചില ദിവസങ്ങളിൽ പിന്നെ" എന്നും "ഒരു ദിവസം" എന്നും പറകയാൽ തന്നെ)

൧. പക്ഷവാതക്കാരന്റെ രോഗശാന്തിയെയും.

൨. ലേവിയുടെ (മത്തായി) വിളിയെയും,

൩. അവന്റെ വീട്ടിലേ വിരുന്നു കഴിക്കുന്നതിൽ ഉണ്ടായ യോഹന്നാന്റെ ശിഷ്യരോടുള്ള സംഭാഷണത്തെയും ചേൎക്കുന്നു (മാൎക്ക. ൨, ൧—൨൨; ലൂക്ക. ൫, ൧൭—൩൯).

ഈ അംശത്തെ മത്തായി തന്റെ സുവിശേഷത്തിൽ ഗദരയാത്ര കഴിഞ്ഞ ശേഷമേ വിവരിക്കുന്നുള്ളു (മത്താ. ൯.); എന്നാൽ ഈ അദ്ധ്യായത്തിലേ ൨ാം വാക്കിലുള്ള "ഇതാ," ൧൮ാം വാക്കിലുള്ള "ഇവ അവരോടു പറഞ്ഞപ്പോൾ" എന്ന രണ്ടു പദങ്ങൾ കൊണ്ടു മത്തായി ഈ വിവരങ്ങളെ മുഞ്ചെല്ലുന്നതിനോടും പിഞ്ചെല്ലുന്നതിനോടും ഉറപ്പായി ചേൎക്കുന്നതാൽ ഒരു പ്രയാസം ജനിക്കുന്നു; അതിനെ തൊട്ടു താഴെ പറയേണ്ടി വരും: [ഇതിന്നു നാം "ഏ" അംശം എന്നു പറയട്ടെ.]

b. ഈ അംശത്തിൽ ഉൾപ്പെടുന്നവ: ൧. ശിഷ്യന്മാർ കതിരുകളെ പറിച്ചു തിരുമ്പിയതും,
൨. കൈ വരണ്ടുള്ള മനുഷ്യനെ സൌഖ്യമാക്കിയതും തന്നെ.

ഈ ശബ്ബത്ത് ക്രിയകൾ ആദ്യത്തെ മൂന്നു സുവിശേഷങ്ങളിൽ മുഞ്ചൊന്നതിനോടും പിഞ്ചെല്ലുന്നതിനോടും ഉറപ്പായി ചേൎക്കപ്പെട്ടതു കാണുന്നില്ല എങ്കിലും, മാൎക്കനിൽ സൂക്ഷിച്ചു നോക്കിയാൽ പിഞ്ചെല്ലുന്നതിനെ ഇതിൽനിന്നു പിരിപ്പാൻ പ്രയാസം തന്നെ.

൩. വലിയൊരു പുരുഷാരം യേശുവോടു ചേരുന്നു എങ്കിലും അവൻ അവരെ ഒഴിച്ചു പോവാൻ ആഗ്രഹിക്കുന്നതു മാൎക്കും മത്തായും കൂട്ടി ചേൎക്കുന്നു. (ലൂക്ക. ൬, ൧—൧൧. മാൎക്ക. ൨, ൨൩—൩, ൧൨; മത്താ. ൧൨, ൧—൨൧). [ലൂക്ക. ൬: ൧ ദ്വിതീയാദ്യമായ ശബ്ബത്ത്!]

[ഇതിന്നു നാം "ബീ" അംശം എന്നു പറയട്ടെ.]

c. ഈ അംശത്തിൽ ചേൎന്നവ: ൧. അപ്പോസ്തലരുടെ തെരിഞ്ഞെടുപ്പും
൨. പൎവ്വതപ്രസംഗവും
൩. കുഷ്ഠരോഗിയുടെ കഥയും
൪. ശതാധിപദാസനെ സൌഖ്യമാക്കിയതും തന്നെ.
൫. പിന്നെ ലൂക്കാ നയിനിലേ ബാല്യക്കാരനെ എഴുനീല്പിച്ചതും
൬. യോഹന്നാൻ തന്റെ ശിഷ്യരെ അയച്ചതും
൭. മഹാ പാപയാലെ അഭിഷേകവും
൮. അനുകാരികളായ സ്ത്രീകളുടെ വാൎത്തയും ചേൎക്കുന്നു.

(മത്താ. ൫, ൫൧—൮, ൧൩; ലൂക്ക. ൫, ൧൨—൧൬; ൬, ൨൦—൮, ൩; മാൎക്ക. ൧, ൪൦—൪൫; [൩, ൧൩—൧൯യും നോക്കുക])

ലൂക്കാ തന്റെ ൬ാം അദ്ധ്യായത്തിൽ പൎവ്വതപ്രസംഗത്തിന്റെ ഒരു സംക്ഷേപം കൊടുക്കുന്നതു രണ്ടിലെ വ്യത്യാസങ്ങൾ അവററിലേ ഒരുമകളോടു എത്രാത്തവയാകയാൽ തെളിവായി. അപ്പോസ്തല തെരിഞ്ഞെടുപ്പും പലരോഗികളെ സൌഖ്യമാക്കിയതും ലൂക്കാവിൽ പൎവ്വതപ്രസംഗത്തിന്നു മുഞ്ചെല്ലുകയും ശതാധിപദാസനെ സൌഖ്യമാക്കിയതു പിഞ്ചെല്ലുകയും ചെയ്യുന്നു. മത്തായും ഈ കഥയെ പൎവ്വതപ്രസംഗത്തിന്റെ പിമ്പിൽ വിവരിക്കുന്നു, എന്നാൽ അവൻ അതിന്റെ ശേഷമേ കുഷ്ഠരോഗിയുടെ കഥ വെച്ചിരിക്കുന്നു. എന്നാൽ ലൂക്കാവിലും മാൎക്കനിലും കുഷ്ഠരോഗിയുടെ കഥ യോജിപ്പു കൂടാതെ ചേൎക്കപ്പെട്ട ഹേതുവാൽ മത്തായി വിവരിക്കുന്ന പ്രകാരം അംഗീകരണത്തിന്നു തക്കതു.

[ഇതിന്നു നാം "സീ" അംശം എന്നു പറയട്ടെ.]

d. ഈ വരുന്ന അംശം കുറെ അധികം വലിയതാകുന്നു; ഇതിൽ അടങ്ങുന്ന വിവരങ്ങൾ ആവിത്:

൧. യേശു ബയൽജബൂലെ കൊണ്ടു ഭൂതങ്ങളെ പുറത്താക്കുന്നു എന്നുള്ള പറീശരുടെ ദൂഷണം (മത്താ. ൧൨, ൨൨—൪൫; മാൎക്ക. ൩, ൨൦—൩൦.)

൨. സംബന്ധക്കാരുടെ വരവു (മത്താ. ൧൨, ൪൬—൫൦; മാൎക്ക. ൩, ൩൧—൩൫.)

൩. "ആ ദിവസത്തിൽ തന്നെ" യേശു ജനങ്ങളോടു ഉപമകൾ കൊണ്ടു സംസാരിച്ചതു (മത്താ. ൧൩; മാൎക്ക. ൪, ൧—൩൪.)

൪. യേശു ഗലീലക്കു ചേൎന്ന ശേഷം (മത്താ. ൧൩, ൩൬) അന്നു വൈകുന്നേരത്ത് മാൎക്ക പറയും പ്രകാരം (൪, ൩൫—൪൧.) കടൽ യാത്ര ഉണ്ടായിതു (ലൂക. ൮, ൨൨; മത്താ. ൮, ൨൩).

൫. അനുസാരികളായവരിൽ എത്ര ആൾ അന്നു തന്നെ വന്നതു നിശ്ചയിച്ച കൂടാ (മത്താ. ൮, ൧൯—൨൨; ലൂക. ൯, ൫൭ മററും.)

൬. പിന്നെ യേശു കടലിനെ ശമിപ്പിച്ചതു (മത്താ. ൮, ൨൩; ലൂക. ൮, ൨൨; മാൎക്ക. ൪, ൩൫.)

൭. പിറേറ ദിവസം രാവിലെ ഭൂതഗ്രസ്തർ വന്നതു മാൎക്ക ൫, ൧—൨൧ വരെ വിവരിക്കുന്നു; എന്നാൽ മത്തായി ഈ കഥകളെ മുമ്പെ തന്നെ ചേൎക്കുന്നു എങ്കിലും, മാൎക്കനെ അനുസരിക്കേണ്ടതെന്നു തോന്നുന്നു (ലൂക. ൮, ൨൬—൩൯; മത്താ. ൮, ൨൮—൩൪.)

൮. ഇക്കരെക്ക് വന്ന ശേഷം യേശു യായീരിന്റെ മകളെയും രക്തവാൎച്ചയുള്ള സ്ത്രീയെയും സൌഖ്യമാക്കി എന്നു മാൎക്കൻ ലൂക്കാവുമായി പറയുന്നു, മത്തായോ ഇതിൻ ഇടയിൽ "ഏ" അംശത്തിലുള്ളവറേറ കഥിക്കുന്നു. അങ്ങിനെ തന്നെ ലൂക്കാവിലും വ്യത്യാസം ഉണ്ടു; അവൻ പറീശരുടെ ദൂഷണവിവരം പിന്നത്തേതിൽ മാത്രം കഥിക്കുന്നു (൧൧, ൧൪—൩൬.); എന്നാൽ മത്തായി മാൎക്ക എന്നവർ അതിനെ നല്ല ചേൎച്ചയോടെ മുമ്പായി വിവരിച്ച തരികയാൽ അവരെ അനുസരിക്കുന്നു.

൯. പിന്നെ മത്തായി ആ മകളുടെ എഴുനീല്പിനെ കഥിച്ച ശേഷം യേശു രണ്ടു കുരുടരെയും അശുദ്ധാത്മാവുള്ളൊരു മനുഷ്യനെയും സൌഖ്യമാക്കിയതിനെ വിവരിക്കുന്നു (൯, ൨൭—൩൩).

൧൦. ഇതിനോടു യേശു നചറത്തിലേക്കു പോയതിനെയും ചേൎക്കുന്നത് ഉചിതം എന്നു വിചാരിക്കുന്നു (മാൎക്ക. ൬, ൧—൬; മത്താ. ൧൩, ൫൩—൫൮.)

[ഇതിന്നു നാം "ഡീ" അംശം എന്നു പറയട്ടെ.]

e. ഈ പകപ്പോടു ചേൎന്ന ശിഷ്ട വിവരങ്ങൾ എളുപ്പമായി കാലക്രമ പ്രകാരം രചിപ്പാൻ കഴിയും:

൧. യേശു അപ്പോസ്തലരെ യാത്രക്കയച്ചതു (മത്താ. ൯, ൩൫—൧൦, ൪൨. മാൎക്ക. ൬, ൭—൧൩).

൨. ഹെരോദാവിൻ ഭയവും, വേറൊരു കടൽ യാത്രയും, അയ്യായിരം പേരെ പോഷിപ്പിച്ചതും, കടലിന്മേൽ നടന്നതും (മത്താ. ൧൪, ൧—൩൪; മാൎക്ക. ൬, ൧൪—൫൪. ലൂക. ൯, ൧—൭; യോഹ. ൬, ൧—൨൧;)

൩. പിറേറ ദിവസം യേശു കഫൎന്നഹൂമിലെ പള്ളിയിൽ സംഭാഷിച്ചതല്ലാതെ ചില അനുകാരികൾ വരികയും ചെയ്തു (യോഹ. ൬, ൨൨—൬൦); പിന്നെ യേശു പലരെയും സൌഖ്യമാക്കിയതു മത്തായി മാൎക്കനുമായി പറയുന്നു (മത്താ. ൧൪, ൩൫—൩൬; മാൎക്ക. ൬, ൫൫—൫൬.)

[ഇതിന്നു നാം "ഈ" അംശം എന്നു പറയട്ടെ.]

C. മുങ്കാണിച്ച വിവരപ്പകുപ്പുകളെ എങ്ങിനെ കാലക്രമമായി ചേൎക്കേണം എന്ന ചോദ്യത്തിന്നു ഇനി ഉത്തരം പറവാൻ ഉണ്ടു:

൧. മത്തായി "ഏ" അംശത്തെ "ഡീ" അംശത്തിൽ ഉൾപ്പെടുത്തുന്നു. എന്നാൽ "ഏ" അംശത്തിൽ കാണിച്ച പ്രകാരം അത് നിൎബ്ബന്ധം തന്നെ എന്നു മത്തായി സുവിശേഷത്തെ മാത്രം നോക്കിയാൽ പറയേണം എങ്കിലും, നാം "സീ" അംശത്തെ "ഡീ" അംശത്തോടൊത്തു നോക്കിയാൽ "ഏ" അംശത്തെ "ഡീ" അംശത്തിൽ ഉൾപ്പെടുത്തുവാൻ ആവശ്യമാകയാൽ, യേശു ആ ഉപമകളെ പറഞ്ഞ ശേഷമേ ലേവിയെ വിളിച്ച പ്രകാരം ലഭിക്കും; അത് തന്നെ അല്ല "സീ" അംശത്തിൽ കാണും പ്രകാരം പൎവ്വതപ്രസംഗം കഴിക്കും മുമ്പെ തന്നെ യേശു അപ്പോസ്തലരെ വിളിച്ചിരിക്കുന്നതു നിശ്ചയമാകയാൽ "ഡീ" എന്ന അംശത്തെ മുഴുവൻ "സീ" അംശത്തിന്നു മുമ്പായി വെപ്പാൻ നിൎബ്ബന്ധിക്കപ്പെട്ടു താനും. എന്നാൽ കൎത്താവു ചൊല്ലിയ ഉപമകളെ പൎവ്വതപ്രസംഗം കഴിച്ച ശേഷമെ ഉച്ചരിച്ചെന്നതിനെയും കൂടെ നിശ്ചയിപ്പാൻ തക്ക ഹേതുവുണ്ടു. ആ പ്രസംഗം കഴിക്കും മുമ്പെ തന്നെ യേശു കേൾക്കുന്നവരോടു നിങ്ങൾ ചെകിടരും മററും ആകുന്നു എന്നു പറയുമോ? ഏതൊരു പ്രസംഗി എങ്കിലും തന്റെ പ്രസംഗത്തിന്റെ തുടക്കത്തിൽ തന്നെ കേൾക്കുന്നവരോടു നിങ്ങൾ കണ്ടിട്ടും കാണാതെയും കേട്ടിട്ടും കേളാതെയും ഗ്രഹിയാതെയും ഉള്ളവരാകുന്നു എന്നു പറവാൻ തുനിയും? ആകയാൽ "ഏ" അംശത്തെ മുഴുവനായോ ഭാഗമായോ "സീ" അംശത്തിന്റെ പിമ്പിൽ ചേൎത്തു വെക്കേണ്ടതു.

൨. എന്നാൽ നയിനിലെ ബാല്യക്കാരന്റെ എഴുനീല്പും യായിർ മകളുടെ കഥയും കൊണ്ടു എന്തു വേണ്ടു? അതു "സീ" അംശത്തിലും ഇത് "ഡീ" അംശത്തിലും ഉണ്ടു. മത്തായി ൯, ൧൮ാം വാക്കിന്നു മുഞ്ചെല്ലുന്നതിനെയും പിഞ്ചെല്ലുന്നതിനെയും വിഭാഗിപ്പാൻ പാടില്ല എന്നിരുന്നിട്ടും അതിനെ പിരിപ്പാൻ മനസ്സുണ്ടായാൽ മാൎക്ക. ൫, ൨൨—൪൩; ലൂക്ക. ൮, ൪൦—൫൩ എന്നിവററെ "ബീ" അംശത്തിൽ നിന്നെടുത്തു "ഏ" അംശത്തിൽ ഉൾപ്പെടുത്തേണ്ടതു; എന്നാൽ മൂന്നു സുവിശേഷകർ അതിനെ ഗദരയാത്ര കഴിഞ്ഞിട്ടു മാത്രം വിവരിക്കയാൽ ഇതുവും പ്രയാസം തന്നെ. ആകയാൽ നമുക്ക് ഒന്നിനെ മാത്രം ചെയ്വാൻ കഴിയും: നാം "ഏ" അംശത്തെ വിഭാഗിച്ചു "ഏ, ൧. ൨." എന്നിവറേറ അതിൽ തന്നെ വിടുകയും "ഏ. ൩". എന്നതിനെയോ "സീ" അംശത്തിൽ ചേൎക്കയും ചെയ്യേണം. എന്നിങ്ങിനെ സമയത്തെ വിചാരിച്ചാൽ മാൎക്കനും ലൂക്കാവും തുക വിവരം മുമ്പായി കൊടുക്കയും മത്തായോ വിളിയെ പിമ്പായി കഥിക്കയും ചെയ്യുന്നു എന്നു പറയേണം. മൂന്നു സുവിശേഷങ്ങളിൽ വിളിയും സദ്യയും ഒന്നിച്ചു വിവരിച്ചു കിടക്കുന്നതു ഇതിന്നു വിരോധമായി നില്ക്കുന്നില്ല എന്നു തോന്നുന്നു. മൂവരും പറയും പ്രകാരം ലേവി എഴുനീററു യേശുവിനെ അനുഗമിക്കയും ചെയ്തു. "പിന്നെ" എന്നും "ശേഷം" എന്നും കൊണ്ടു വിരുന്ന് വിവരം ചേൎക്കപ്പെട്ടതെയുള്ളു!

൩. പിന്നെ "ബീ' അംശത്തെ തൊട്ടു ചിലൎക്കുള്ള അഭിപ്രായപ്രകാരം മാൎക്ക. ൩, ൩ാമതു അത്യാവശ്യമായി ലൂക്ക. ൯, ൭ാം വാക്കിന്റെ പിമ്പിൽ വരേണം എന്നു തന്നെ. എന്നാൽ ലൂക്ക. ൭, ൯ കൊണ്ടു ഹെരോദാ അതിന്നു മുമ്പെ യേശുവിനെ കുറിച്ചു യാതൊന്നും കേട്ടിട്ടില്ല എന്നു നിശ്ചയിക്കുന്നില്ലല്ലോ! നിശ്ചയിച്ചാലോ "ബീ" അംശത്തെ "ഡീ" അംശത്തിൻ പിമ്പിൽ വെക്കേണ്ടതു. എന്നാൽ മാൎക്കനും ലൂക്കാവുമായി ഈ അംശത്തെ ചേൎത്തു വെച്ച സ്ഥലത്തിൽ വിട്ടാൽ കൃത്രിമം ഒന്നും പ്രയോഗിക്കുന്നില്ല എന്നു വിചാരിക്കുന്നു.

൪. എന്നാൽ യോഹ ൫ ഇലെ ഉത്സവത്തെ എവിടെ ചേൎക്കേണം? പല അഭിപ്രായങ്ങളെയും കേട്ടാലോചിച്ച ശേഷം അത് "സീ" അംശത്തിൽ തന്നെ അടക്കി വെക്കേണം എന്നു ഉറപ്പിക്കുന്നു. എങ്ങിനെ എന്നാൽ: യേശു കഫൎന്നഹൂമിൽനിന്നു നായിനിൽ കൂടി ആ ഉത്സവത്തിന്നായി തന്നെ യരുശലേമിലേക്കു പോകുമ്പോൾ യോഹന്നാന്റെ ദൂതു വന്നു എന്നും അവിടെനിന്നു തിരികേ വരുന്നതിൽ മഹാ പാപയാലുള്ള അഭിഷേകം ഉണ്ടായി എന്നും വിചാരിക്കയാൽ ഈ രണ്ടു കാൎയ്യങ്ങളുടെ നടുവിൽ ആ ഉത്സവത്തെ ചേൎക്കേണം. [ലൂക്ക. ൭, ൪൦; മത്താ. ൨൩, ൩.?]

D. ഇതിൻ പ്രകാരം ഈ D പകുപ്പിലെ ശിഷ്ട വിവരങ്ങൾ കാലക്രമമായി ചേൎക്കേണ്ടുന്ന വിധമാവിത്: ഏ, ൧. ൨; ബീ; സീ ൧—൩; യോഹ. ൫; സീ ൭—൮; ഏ, ൩; ഡീ; ഈ;— ഇത് എളുപ്പത്തിൽ ബോധിക്കേണ്ടതിന്നു വിവരപ്പകുപ്പുകളെയും താഴെ കാണിക്കുന്നു.

34. യേശു ആ പ്രസംഗയാത്രയിൽനിന്നു കഫൎന്നഹൂമിലേക്കു മടങ്ങി വന്നിട്ടു പക്ഷവാതക്കാരനെ സൌഖ്യമാക്കുകയും, കടല്ക്കരെ സഞ്ചരിക്കു മ്പോൾ തന്നെ അനുഗമിപ്പാൻ ലേവി എന്ന മത്തായിയെ വിളിക്കയും ചെ യ്തു. മാൎക്ക. ൨, ൧—൧൪; ലൂക്ക. ൫, ൧൭—൨൮; മത്താ. ൯, ൧—൯.

35. പിന്നെ ഒരു ശബ്ബത്തിൽ (ദ്വിതീയാദ്യമായ ശബ്ബത്തിൽ) യേശു ത ന്റെ ശിഷ്യരുമായി വിളഭൂമിയൂടെ സഞ്ചരിച്ചപ്പോൾ ശിഷ്യന്മാർ കതിരുകളെ പറിച്ചു തിരുമ്പി തിന്നുകയിൽ പരീശന്മാർ അവരെ ശാസിച്ചു. പിറേറ ശബ്ബത്തിൽ പള്ളിയിൽ വെച്ചു കൈ വറണ്ടുള്ള മനുഷ്യനെ സൌഖ്യമാക്കി. മാൎക്ക. ൨, ൨൩—൩, ൫; ലൂക്ക. ൬, ൧—൧൧; മത്താ. ൧൨, ൧—൧൬.

36. ഇത് ഹേതുവായി പരീശരും, ശാസ്ത്രികളും അവനെ കൊല്ലേണ്ടതി ന്നു ആലോചിച്ചു പോരുകയിൽ അവൻ കടല്ക്കരെക്കു പോയി, പല ദിക്കുക ളിൽനിന്നും വന്നു ചേൎന്ന ജനസമൂഹം മൂലമായി പടകിൽ കയറി ഉപദേശി ക്കയും, പല ദീനക്കാരെ സ്വസ്ഥമാക്കുകയും ചെയ്ത ശേഷം രാത്രി മുഴുവൻ ഒ രു മലയുടെ മേൽ പ്രാൎത്ഥനയിൽ ഉററിരുന്നു. മത്താ. ൧൨, ൧൪—൨൧; (൪, ൨൪. ൨൫.) മാൎക്ക. ൩, ൬—൧൩; ലൂക്ക. ൬, ൧൨.

37. പിറെറന്നാൾ രാവിലെ ഇറങ്ങി വന്നാറെ ജനങ്ങൾ വീണ്ടും കൂടി വരികയും, അവൻ പലരെയും സൌഖ്യമാക്കുകയും ചെയ്തു. അതിന്റെ ശേ ഷം ൧൨ ശിഷ്യരെ വിളിച്ചു ഒരു മലമേൽ കയറി തന്റെ വായി തുറന്നു പൎവ്വ തപ്രസംഗത്താൽ ജനത്തെ ഉപദേശിക്കയും ചെയ്തു. മാൎക്ക. ൩, ൧൪—൧൯; ലൂക്ക. ൬, ൧൩—൪൯; മത്താ. ൫; ൬; ൭.

സൂചകം: പെന്തകോസ്തു ദിവസം അടുത്തിരിക്കയാൽ യേശു പുതു നിയമഭാവത്തിൽ ദശവാ ക്യത്തെ കുറിച്ചുള്ള മനോഹരമായ ഈ ഉപദേശത്തെ (മത്താ. ൫—൭.) ഇപ്പോൾ തന്നെ കഴിച്ചു എന്നൂഹി പ്പാൻ സംഗതിയുണ്ടു.

38. യേശു മലയിൽനിന്ന് ഇറങ്ങിയാറെ, ഒരു കുഷ്ഠരോഗിയെ സൌഖ്യ മാക്കി. വീണ്ടും അല്പം സ്വസ്ഥത പ്രാപിക്കയും കഫൎന്നഹൂമിലേക്കു തിരികെ ചേൎന്നിട്ടു ശതാധിപദാസനെ സൌഖ്യമാക്കുകയും ചെയ്തു. മാൎക്ക. ൧, ൪൦—൪൫; ലൂക്ക. ൫, ൧൨—൧൬; മത്താ. ൮, ൧—൧൩; ലൂക്ക. ൭, ൧—൧൦.

39. അതിന്റെ ശേഷം കഫൎന്നഹൂമിൽനിന്ന് പുറപ്പെട്ടു നായിനിൽ എത്തിയാറെ ആ ബാല്യക്കാരനെ ഉണൎത്തുകയും, ആശ്ചൎയ്യപ്പെടത്തക്ക പല അത്ഭുതങ്ങളെ ചെയ്കയും ചെയ്തു. സ്നാപകൻ ഇവറെറയും, പക്ഷെ യേശു യഹൂദയിലേക്കു പോവാറായിരിക്കുന്നതും കേട്ടുകയാൽ യേശുവിന്നടുക്കെ ദൂത യച്ചു ചോദിച്ചതിന്നു യേശു തക്ക ഉത്തരം പറഞ്ഞയച്ചതല്ലാതെ, അവിടെ യുള്ള ജനങ്ങളോടു യോഹന്നാനെ തൊട്ടു നല്ല സാക്ഷ്യം ഉച്ചരിക്കയും ചെയ്തു. മത്താ. ൧൧, ൨—൧൯; ലൂക്ക. ൭, ൧൧—൩൫; യോഹ. ൫, ൧.

40. അവിടെനിന്നു യേശു പെന്തകോസ്തപെരുനാളിന്നായി യരുശലേമി ലേക്ക് ചെന്നു, ൩൮ ആണ്ടോളം വ്യാധിക്കാരനായവനെ സൌഖ്യമാക്കി, കുല പാതക ജാതിയോടു സംഭാഷിക്കയും ചെയ്തു. യോഹ. ൫, ൨—൪൭.

സൂചകം: ഈ ഉത്സവം പെന്തകോസ്തു തന്നെ ആയിരുന്നെങ്കിൽ കൎത്താവു പെസഹപെരുനാൾക്കു രണ്ടുവട്ടവും മററെ മുഖ്യമായ പെരുനാളുകൾക്കു ഓരൊന്നിന്നു ഒരു കുറിയും പോയി എന്നു കാണുന്നു. (ചിലർ "ബീ" അംശത്തെ ഇതിന്റെ പിമ്പിൽ ചേൎക്കുകകൊണ്ടു പൂരീം ആയിരുന്നു എന്നു പറയുന്നു, എന്നാൽ ദ്വിതീയാദ്യമായ ശബ്ബത്ത് എന്നതിനെ കൃത്രിമം കൂടാതെ തെളിയിക്കുന്നില്ല. അവർ അതിനെ പെന്തകോസ്തു പെരുനാളിനോടു അടുപ്പിപ്പാൻ നോക്കുന്നു).

41. യരുശലേമിൽനിന്നു മടങ്ങുന്നതിൽ യഹൂദയിലോ, ഗലീലയിലോ യേശു ശീമോൻ എന്ന പരീശന്റെ വീട്ടിൽ വെച്ചു പന്തിയിൽ ഇരിക്കുമ്പോൾ അനുതാപമുള്ള മഹാ പാപയാൽ അഭിഷേകം പ്രാപിച്ചു അവൾക്കു സമാധാനം നല്കുകയും ചെയ്തു. ലൂക്. ൭, ൩൬—൫൦.

42. ഗലീലയിൽ വെച്ചു യേശു ചന്തകളിലും, പട്ടണങ്ങളിലും കൂടി പ്രസംഗയാത്ര ചെയ്തതിൽ ചില സ്ത്രീകളും അവനെ അനുഗമിച്ചും ശുശ്രൂഷിച്ചുംകൊണ്ടു നടന്നു. ലൂക്. ൮, ൧—൩.

43. പിന്നെയും കഫൎന്നഹൂമിലേക്കു മടങ്ങി വന്നാറെ കുരുടനും ഊമനുമായൊരു ഭൂതഗ്രസ്തനെ സൌഖ്യമാക്കീട്ടു പരീശരുടെ ദൂഷണം മൂലം ബെയൽജബൂൽ, വിശുദ്ധാത്മാവിന്നെതിരെയുള്ള പാപം, യോനാവിൻ അടയാളം എന്നിവററെ കൊണ്ടു സംസാരിച്ച ശേഷം, യേശുവിന്റെ അമ്മയും സഹോദരന്മാരും വന്നതിനാൽ ആത്മീകസംബന്ധത്തെ തൊട്ടും പറഞ്ഞതിൽ പിന്നെ ഒരു പരീശന്റെ ഭവനത്തിൽ അത്താഴത്തിന്നിരിക്കുമ്പോളും ശുദ്ധാശുദ്ധങ്ങളെ തൊട്ടു സംസാരിക്കുമ്പോളും പരീശരെ ശാസിക്കയും ചെയ്തു. മത്താ. ൧൨, ൨൨—൫൦; മാൎക്. ൩, ൨൦—൩൫; ലൂക്. ൮, ൧൯—൨൧; ൧൧, ൧൪—൫൪.

44. ഈ ശാസന കഴിഞ്ഞ ശേഷം പരീശരും ശാസ്ത്രികളും യേശുവിനെ പുതുതായി ഉപദ്രവിക്കയാൽ അവൻ കടലരികെ പോയി, അവിടെ എട്ടു ഉപമകളെ ചൊല്ലുകയും, ഗ്രഹിക്കാത്തതിനെ പിന്നേതിൽ ശിഷ്യൎക്ക വ്യാഖ്യാനിച്ചു കൊടുക്കയും ചെയ്തു. വെളിച്ചത്തെ പ്രകാശിപ്പിക്കേണം എന്നുള്ള പ്രബോധനം ഇതോടു ചേൎന്നിരിക്കുന്നു. മത്താ. ൧൩; മാൎക്. ൪, ൧—൩൪; ലൂക്. ൮, ൪—൧൮.

45. അന്നു രാത്രി യേശു സ്വസ്ഥത അന്വേഷിപ്പാനായി പടകിൽ ഏറി ശിഷ്യരോടു അക്കരെക്കു പോവാൻ കല്പിച്ചു. അന്നേരം അൎദ്ധശിഷ്യരായ ചിലർ വന്നു തന്നെ അനുഗമിപ്പാൻ പറഞ്ഞപ്പോൾ, അനുകാരികളുടെ മുറ എന്താകുന്നു എന്നു കാട്ടിക്കൊടുത്തു. മത്താ. ൮, ൧൮—൨൭; മാൎക്. ൪, ൩൫—൪൧; ലൂക്. ൮, ൨൨—൨൫; ൯, ൫൭—൬൦.

സൂചകം: ആ അനുകാരികൾ അപ്പോൾ തന്നെ വന്നത് നിശ്ചയിപ്പാൻ പാടില്ല. മത്തായി അപ്രകാരം പറയുന്നു. എന്നാൽ ലൂക്കാവിനെ മത്തായോടു നിരപ്പിപ്പാൻ വേണ്ടി മൂന്നാമൻ കുറയ സമയം കഴിഞ്ഞിട്ടു മാത്രം വന്നു എന്നു ചിലർ പറയുന്നു. യേശു പുറപ്പെടാറായപ്പോൾ അവർ എത്തിയിരിക്കും.

46. അക്കരെ എത്തിയ ശേഷം ഗദരക്കാരായ രണ്ടു ഭൂതഗ്രസ്തരെ സൌഖ്യമാക്കി. (മത്തായും, മാൎക്കനും ഒരുവനെ കൊണ്ടു മാത്രം പറയുന്നു. പക്ഷെ

അവരിരുവരിൽ വെച്ചു ഉഗ്രബാധിതനെ മാത്രം ഓൎത്തിട്ടായിരിക്കും.) മത്താ. ൮, ൨൮—൩൪; മാൎക്ക. ൫, ൧—൨൦; ലൂക്ക. ൮, ൨൬—൩൯.

47. ഗദരയിൽനിന്നു ഇക്കരെക്കു വന്നിട്ടു യേശു ലേവിയുടെ ഭവനത്തിൽ കയറി അത്താഴത്തിന്നിരിക്കുമ്പോൾ പരീശരോടു "സുസ്ഥന്മാൎക്കു വൈദ്യനെ കൊണ്ടാവശ്യമില്ല, രോഗികൾക്കല്ലോ ഉള്ളു" എന്നു പറഞ്ഞശേഷം സ്നാപകന്റെ ശിഷ്യന്മാരുടെ ഉപവാസചോദ്യത്തിന്നുത്തരവും നല്കി. മത്താ. ൯, ൧൦—൧൭; മാൎക്ക. ൨, ൧൫—൨൨; ലൂക്ക. ൫, ൨൯—൩൯.

48. ഇവ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ യായീർ എന്ന പ്രമാണി വന്നു, തന്റെ മകളുടെ മേൽ കൈ വെച്ചു സുസ്ഥമാക്കുവാൻ അപേക്ഷിച്ച പ്രകാരം അവന്റെ വീട്ടിലേക്കു പോകും വഴിയിൽ, രക്തവാൎച്ചയുള്ള സ്ത്രീയെ അവളുടെ പിണിയിൽനിന്നു നീക്കിയ ശേഷം, യായീരിന്റെ മകളെ മരണത്തിൽനിന്നുയിൎപ്പിക്കയും ചെയ്തു. മത്താ. ൯, ൧൮—൨൬; മാൎക്ക. ൫, ൨൧—൪൩; ലൂക്ക. ൮, ൪൦—൫൬.

49. മത്തായി സുവിശേഷത്തിൻ പ്രകാരം യായീരിന്റെ ഭവനത്തെ വിട്ടിട്ടു യേശു രണ്ടു കുരുടരെയും, അശുദ്ധാത്മാവുള്ള ഒരു മനുഷ്യനെയും സുസ്ഥമാക്കി. മത്താ. ൯, ൨൭—൩൪.

50. പിന്നേതതിൽ യാത്രയായാറെ യേശു നസറത്തിൽ എത്തി, അവിടെയുള്ളവരോ അവനെ കൈക്കൊണ്ടതുമില്ല. മത്താ. ൧൩, ൫൪—൫൮; മാൎക്ക. ൬, ൧—൬; ലൂക്ക. ൪, ൧൬—൩൦.

സൂചകം: ലൂക്കാവിന്റെ ഈ വിവരത്തെ ചിലർ മത്താ. ൪, ൧൩ൽ ഉൾപ്പെടുത്തുന്നു: അന്നു യേശു നസറത്തിൽ പോയിരുന്നെങ്കിൽ ഇത് അവന്റെ രണ്ടാം യാത്ര തന്നെ. എന്നാൽ ലൂക്കാവിലേ വിവരം സൂക്ഷിച്ചു നോക്കിയാൽ (൩൧) യേശു ഒന്നാമതു കഫൎന്നഹൂമിലേക്കു പോകയും വക്രിയകളെ അവിടെ തന്നെ പ്രവൃത്തിക്കയും ചെയ്തിരുന്നു. (യോഹ. ൪, ൪൩. ൪൪. നോക്കുക!)

51. അന്നു യേശു ചുററും സഞ്ചരിച്ചപ്പോൾ ജനത്തെ ഇടയനില്ലാത്ത ആട്ടുകൾ എന്ന പോലെ കാണുകയാൽ അപ്പോസ്തലൎക്കു അധികാരവും നല്കി യാത്രക്ക് അയക്കയും ചെയ്തു. മത്താ. ൯, ൩൫—൩൮; ൧൦, ൧—൧൧, ൧; മാൎക്ക. ൬, ൭—൧൩; ലൂക്ക. ൯, ൧—൬.

52. ഇതിന്നിടെ ഹെരോദാ സ്നാപകനെ കൊല്ലിച്ചിരിക്കയാലും യേശുവിനെ കുറിച്ചു തെളിവായ വിവരം കിട്ടുകയാലും ഇവൻ താൻ കൊല്ലിച്ച യോഹന്നാൻ ആകുന്നു എന്നു ഭയവശാൽ വിചാരിച്ചുപോന്നു. മത്താ. ൧൪, ൧—൧൨. (൯ാം സൂക്ഷിക്ക!); മാൎക്ക. ൬, ൧൪—൨൯; ലൂക്ക. ൯, ൭—൯. (൩, ൧൯. ൨൦).

53. അപ്പോസ്തലർ യാത്രയിൽനിന്നു മടങ്ങി വന്ന ശേഷം, തങ്ങൾ ചെയ്തതിനെ യേശുവോടു അറിയിച്ചു. പിന്നെ യേശു അവരെ കടലക്കരെയുള്ള മരുഭൂമിയിലേക്കു കൊണ്ടുപോയി, അവിടെയും ജനങ്ങൾ സമൂഹമായി ചേൎന്നിട്ടു അവരെ ദിവസം മുഴുവൻ ഉപദേശിച്ചതിന്റെ ശേഷം ൫൦൦൦ പേരെ പോഷിപ്പിക്കയും ചെയ്തു. അവർ അവനെ പിടിച്ചു രാജാവാക്കുവാൻ വിചാ

രിക്കുമ്പോൾ യേശു ശിഷ്യന്മാരെ പടിഞ്ഞാറെ കരെക്കു അയച്ചു. താൻ അല്പ സമയത്തേക്കു ഏകനായിരുന്നിട്ടു ശിഷ്യന്മാർ വലഞ്ഞതു കണ്ടാറെ കടലി ന്മേൽ നടന്നു പേത്രനെ രക്ഷിച്ച ശേഷം പടകിൽ കയറി അവരോടൊ ന്നിച്ചു ഇക്കരെ എത്തിയാറെ ജനങ്ങളും കൂടെ എത്തിയിരുന്നു. പിന്നെ കഫ ർന്നഹൂമിലെ പള്ളിയിൽ കയറി ജീവാഹാരത്തെ കുറിച്ചുള്ള വിശേഷമായ പ്ര സംഗം കഴിക്കയും പല ദീനക്കാരെ സ്വസ്ഥരാക്കുകയും ചെയ്തു. ഇത് പെ സഹ സമയത്തിൽ തന്നെ ആയിരുന്നത്. മത്താ. ൧൪, ൧൩—൩൬; മാൎക്ക. ൬, ൩൦—൫൬; ലൂക്. ൯, ൧൦—൧൭; യോഹ. ൬.

E.

അയ്യായിരം പേരെ പോഷിപ്പിച്ചതു മുതൽ കഷ്ടാനുഭവ ആഴ്ച്ചവട്ടം വരേ.

(കാലം: ൭൮൨—൭൮൩; ൨൯—൩൦; ഏപ്രിൽ മുതൽ ഏപ്രിൽവരേ ൧൧ മാസം.)

സൂചകം:

ഈ അംശത്തിൽ അടങ്ങുന്ന വിവരപ്പകുപ്പുകൾ ആവിതു:

A. വഴികാട്ടിയായ യോഹന്നാന്റെ സുവിശേഷത്തിൽനിന്നു മുങ്കാണിച്ച ൧൨ സംഭവങ്ങളിൽ ൮ മുതൽ ൧൨ വരെ ഇതിൽ ചേൎക്കേണ്ടിവരും:

൧. കൂടാരപ്പെരുനാൾ ൭, ൧൦.
൨. പ്രതിഷ്ഠ പെരുനാൾ ൧൦, ൨൨.
൩. പരയ്യയിലെ വാസം ൧൦, ൪൦.
൪. ബെത്ഥന്യയിലേ താമസം ൧൧, ൧ മററും.
൫. എഫ്രേമിലേക്കുള്ള യാത്ര ൧൧, ൫൪.

[ഇതിന്നു "ഏ" അംശം എന്നു പറയട്ടെ.]

B. പിന്നെ മത്താ. ൧൫, ൧—൧൬, ൧൨; മാൎക്ക. ൭. ൧—൮, ൨൬ എന്നിവററിൽ തുടൎച്ചയുള്ളൊരു വിവരം ഉണ്ടു:

൧. പെസഹ കഴിഞ്ഞിട്ടു യരുശലേമിൽനിന്നു വന്ന ശാസ്ത്രികളോടുള്ള തൎക്കസംഭാഷണം.
൨. തൂർ സീദോൻ എന്ന ദേശങ്ങളിലേക്കുള്ള യാത്ര (കനാന്യസ്ത്രീ.)
൩. ദശപുരത്തിലേക്കു മടങ്ങി വന്നതു (യൎദ്ദൻ കിഴക്ക്.)
൪. പല ദീനക്കാരെ, വിശേഷിച്ചു ചെവിടനും ഊമനുമായ ഒരു മനുഷ്യനെ സൌഖ്യമാക്കിയതു.
൫. നാലായിരം പേരെ പോഷിപ്പിച്ചതു.
൬. പടിഞ്ഞാറേക്കുള്ള മഗ്ദലദല്മനൂഥയാത്ര.
൭. പരീശരും സദ്ദൂക്യരും അടയാളങ്ങളെ ചോദിച്ചതും, കടലിൻ കിഴക്കേയുള്ള ബെത്സൈദയിലേക്കുള്ള യാത്രയിൽ പുളിച്ചമാവെ തൊട്ടു പറഞ്ഞതും (മാൎക്ക. ൮, ൧൦. ൧൩.).
൮. ഒരു കുരുടനു കാഴ്ച്ച കൊടുത്തതു.

[ഇതിന്നു നാം "ബീ" അംശം എന്നു പറയട്ടെ.]

C. വേറൊരു പകുപ്പിൽ ലൂക്കാ മത്തായോടും മാൎക്കനോടും ഒന്നിച്ചു വിവരിക്കുന്ന സംഭവങ്ങൾ ആവിത്: (ലൂക്. ൯, ൧൮—൫൦; മത്താ. ൧൬, ൧൩—൧൮, ൩൫; മാൎക്ക. ൮, ൨൭—൯, ൫൦.)

൧. കൈസയ്യയിലെ യാത്രയും പേത്രന്റെ സ്വീകാരവും.
൨. കഷ്ടപ്പാടുകളുടെ ഒന്നാം ഘോഷണം.
൩. ൬, ൮ ദിവസങ്ങളിൽ പിന്നെ ഉണ്ടായ രൂപാന്തരം.
൪. ചന്ദ്രബാധിതന്റെ കഥ.
൫. കഷ്ട മരണങ്ങളുടെ രണ്ടാം ഘോഷണം.
൬. ദ്വിദ്രഹ്മയുടെ കഥ (മത്തായിൽ മാത്രം).
൭. (അന്നു തന്നെ) ശിശുഭാവം, ഇടൎച്ച, ക്ഷമാദികളുടെ പ്രസംഗം.

[ഇതിന്നു നാം "സീ" അംശം എന്നു പറയട്ടെ.]

D. ഇതു മുതൽ മത്തായി മാൎക്കനുമായി യേശു ഗലീല ദേശത്തെ വിട്ടു യൎദ്ദ പരയ്യ അതിരുകളിൽ സഞ്ചരിച്ച പ്രകാരം വിവരിക്കുന്നു (മത്താ. ൧൯, ൧—൨൦, ൧൬; മാൎക്ക. ൧൦, ൧—൩൧; ലൂക്ക. ൧൮. ൧൫—൩൦.)

൧. ഉപേക്ഷണ സംഭാഷണം.
൨. പൈതങ്ങളെ അനുഗ്രഹിച്ചതു.
൩. ധനവാനായ യുവാവോടുള്ള സംഭാഷണം.
൪. മുന്തിരിങ്ങാതോട്ടത്തിലെ വേലക്കാരുടെ ഉപമ.

[ഇതിന്നു നാം "ഡീ" അംശം എന്നു പറയട്ടേ.]

E. യേശുവിന്റെ അന്ത്യയാത്ര മത്താ. ൨൦, ൧൭; മാൎക്ക. ൧, ൩൨; ലൂക്ക. ൧൮, ൩൧; യോഹ. ൧൨, ൧ എന്ന സ്ഥലങ്ങളിൽ കുറിക്കപ്പെട്ടതുകൊണ്ടു ഇവ മുതലുള്ള വിവരങ്ങളെ കാലക്രമമായി ചേൎപ്പാൻ പ്രയാസമില്ല.

[ഇതിന്നു നാം "ഈ" അംശം എന്നു പറയട്ടെ.]

F. ഇനി ശേഷിച്ചിരിക്കുന്ന വിവരങ്ങൾ (യോഹ. ൭, ൧—൧൧, ൫൭;) ലൂക്ക. ൯, ൫൧—൧൮, ൧൪; (മത്താ. ൧൧, ൨൦—൩൦). എന്നീ സ്ഥലങ്ങളിൽ അടങ്ങിയിരിക്കുന്നു. അതു "ഏ" അംശത്തിലുണ്ടു, ഇതിന്റെ സംഭവങ്ങളെയോ ഇവിടെ കാണിച്ചു തരാം:

൧. ബെഥന്യയിലേക്കുള്ള യരുശലേം യാത്രയും, മുമ്പിൽ അയച്ച ൭൦ ശിഷ്യരുടെ വിവരവും, ചില പട്ടണങ്ങളെ ശപിച്ചതും (ലൂക്. ൯, ൫൧—൧൦, ൪൨; മത്താ. ൧൧, ൨൦—൩൦.)

൨. കാല ദേശാദികളെ കുറിക്കാത്ത ഒരു സംഭാഷണഖണ്ഡം (ലൂക്. ൧൧, ൧—൧൩, ൨൧.)

൩. വേറൊരു യരുശലേം യാത്ര (ഹെരോദാവിൽനിന്നു സൂക്ഷിച്ചുകൊൾവാൻ ഉള്ള പ്രബോധനം ആ ദിവസത്തിൽ തന്നെ യേശുവിന്നുണ്ടാകയാൽ ആയവന്റെ അധികാരം നടക്കുന്ന ഗലീലയിലോ പരയ്യയിലോ ഉണ്ടായിരിക്കേണം) (ലൂക്. ൧൩, ൨൨ മ.).

൪. പിന്നെ വീണ്ടും കാലദേശാദികളെ കുറിക്കാത്ത ഒരു സംഭാഷണഖണ്ഡം വരുന്നു. (൧൪, ൧—൧൭, ൧൦.

൫. യേശു ശമൎയ്യഗലീലകളുടെ നടുവിൽ കൂടി ഒരു യരുശലേം യാത്ര ചെയ്തതു ൧൭, ൧൧ൽ നിന്നു കാണുന്നു. എന്നാൽ കൎത്താവു യറിഹോവിൽ എത്തും വരെ (൧൮, ൩൫) ഉള്ളതു എവിടെ എന്നും എപ്പോൾ എന്നും സംഭവിച്ചെന്നറിയുന്നില്ല.

[ഇതിന്നു നാം "എഫ്" അംശം എന്നു പറയട്ടെ.]

G. മുങ്കാണിച്ച അംശങ്ങളിലെ വിവരങ്ങളെ കാലക്രമമായി ചേൎക്കും മുമ്പെ ചില ചോദ്യങ്ങളെ തീൎത്തു തരേണ്ടതു: അതായതു, ലൂക്ക പറയുന്ന ഈ യാത്രകൾ ഒന്നോ അധികമോ എന്നും, ഈ "എഫ്" അംശത്തെ എവിടെ ചേൎക്കേണ്ടു എന്നും തന്നെ.

൧. പലരുടെയും അഭിപ്രായപ്രകാരം ലൂക്. ൯, ൫൧ലേ "അവൻ മേലോട്ട് എടുത്തു കൊള്ളപ്പെടുന്നതിന്റെ നാളുകൾ തികയുമ്പോൾ സംഭവിച്ചിതു: അവൻ യരുശലേമിലേക്ക് യാത്രയാവാൻ തന്റെ മുഖം ഉറപ്പിച്ചു" എന്ന വാക്കുകൾ കൊണ്ടു ലൂക്കാ അന്ത്യയാത്രയെ സൂചിപ്പിക്കുന്നു. എന്നാൽ ഈ വചനങ്ങൾ മോശയും എലിയാവും അവന്റെ പുറപ്പാടിനെ കൊണ്ടു അവനോടു സംസാരിച്ച രൂപാന്തരത്തെ ചൂണ്ടി കാണിക്കുന്നു എന്നു തോന്നുന്നു.

അതല്ലാതെ യോഹ. ൭, ൧ൽ യേശു "ഇവററിൽ പിന്നെ" (൫൦൦൦ പേരെ പോഷിപ്പിച്ച ശേഷം) "യഹൂദർ അവനെ കൊല്ലുവാൻ അന്വേഷിക്കകൊണ്ടു യഹൂദയിൽ സഞ്ചരിപ്പാൻ മനസ്സില്ലാതെ ഗലീലയിൽ തന്നെ സഞ്ചരിച്ചു" എന്നും കേൾക്കുന്നു. എന്നാൽ ൬ാം അദ്ധ്യായത്തിൽ വെച്ചു യഹൂദയിലെ കുലപാതകഭാവത്തിന്നു സംഗതി ഒന്നും കാണായ്കയാലും (൬ാം അദ്ധ്യായം ഗലീലയിലെ വാൎത്ത വിവരിക്കുന്നുവല്ലോ!), ൭, ൧ൽ ആ വക ദ്രോഹഭാവം കണ്ടനുഭവിച്ചിരിക്കയാലും യേശു ഇതിൻ ഇടയിൽ യഹൂദദേശത്തിലേക്ക് പോയിരുന്നു എന്നു വിചാരിപ്പാൻ സംഗതിയുണ്ടു.

ലൂക് ൧൦ൽ യേശു ബെഥന്ന്യയോളം പോയിരുന്നു; പക്ഷേ അന്നു തന്നെ യരുശലേമോളവും യാത്രയാകയും ചെയ്തു. ൯, ൫൧ാമതിലേ "മുഖം ഉറപ്പിച്ചു" അതിനെ തന്നെ സൂചിപ്പിച്ചു തരുന്നു എന്നു ഹിക്കുന്നു. അങ്ങിനെ തന്നെ ആയാൽ മററുള്ള വിവരമാലയെ കൂട്ടി ചേൎപ്പാൻ പ്രയാസമില്ല. പക്ഷെ യേശു പെന്തകോസ്തു സമയത്ത് തന്നെ ബെഥന്ന്യയിലുണ്ടായി; ആ പെരുനാളിന്നു പോയ പുരുഷാരം ഇതിൻ ഇടെ മടങ്ങി പോവാറിരിക്കുന്ന യേശുവിനെ സമൂഹങ്ങളായി ചുററി, (൧൧) ൧൨. ൧൩ എന്ന അദ്ധ്യായങ്ങളിലേ വാക്കുകളെ കേൾക്കയും ചെയ്തു എന്നു വിചാരിപ്പാൻ സംഗതിയുണ്ടു.

ലൂക്. ൯, ൫൧; മത്താ. ൧൯, ൧; മാൎക്ക. ൧൦, ൧ എന്നിവററിലേ യാത്ര ഒന്നായിരിപ്പാൻ പാടില്ല; എന്തെന്നാൽ മത്തായി മാൎക്ക എന്നിവർ പറയും പ്രകാരം യേശു അന്നു ഗലീലദേശത്തെ വിട്ടു, ലൂക്കിലേ ൧൭ാം അദ്ധ്യായത്തിലോ യേശു വീണ്ടും ഗലീലയിലുണ്ടു. അതു പോലെ യോഹ. ൭, ൨; ലൂക്. ൯, ൫൧ ഒരു യാത്ര തന്നെ സൂചിപ്പിക്കുന്നില്ല. യോഹന്നാനിൽ യേശു രഹസ്യമായി കൂടാരപ്പെരുനാളിന്നു പോകയും ലൂക്കാവിലോ ൭൦ ശിഷ്യരെ തനിക്കു മുമ്പയക്കയും ചെയ്തു. ആകയാൽ ലൂക്. ൯, ൫൧ലേ യാത്ര യോഹ. ൭, ൧൦ാം വാക്കിൽ തന്നെ അടങ്ങിയിരിക്കേണം; യേശു ഗലീലയിൽ തന്നെ എത്രെ സമയത്തോളം പാൎത്തു എന്നു യോഹന്നാൻ അവിടെ പറയുന്നില്ലല്ലോ! ഇതു രൂപാന്തരത്തിൽ പിന്നെയുള്ള ഗലീലവാസം ആയിരുന്നു എന്നു പറയാം.

൨. എന്നാൽ ലൂക് ൧൩, ൨൨; ൧൭, ൧൧ എന്ന വാക്കുകളിൽ വീണ്ടും യാത്രകൾ കൊണ്ടു പറയുന്നുവല്ലോ. ഇവറെറ എപ്പോൾ ചെയ്തു എന്നും യേശു അവററിൽ യരുശലേമോളം പോയോ എന്നും ചോദിക്കേണം: ഈ ചോദ്യങ്ങളെ കൊണ്ടു പല തൎക്കങ്ങൾ ഉണ്ടു, എന്നാൽ യേശു യരുശലേമിലേക്ക് പോവാൻ ഇഛ്ശിച്ചു എങ്കിലും ഗലീലയിലേ തന്റെ പ്രവൎത്തനത്തെ തീൎപ്പാൻ വേണ്ടി ഇനി താമസം വന്നു പോയി എന്നു വിചാരിക്കാം. എന്റെ അഭിപ്രായപ്രകാരം ലൂക്. ൧൩, ൨൨ലെ യാത്ര കൂടാരപ്പെരുനാൾ യാത്രയുടെ (യോഹ. ൭, ൨.) ആരംഭം തന്നെ ആകുന്നു. എന്നാൽ ലൂക്. ൯, ൫൧—൧൩, ൩൫ വരെയുള്ളത് യോഹ. ൭, ൧ൽ അടങ്ങുന്ന സമയത്തിൽ സംഭവിച്ചു എന്നു പറയേണം.

പിന്നെ ലൂക്. ൧൭, ൧൧ലേ യാത്ര യോഹ. ൧൧, ൫൪ാം വാക്കിലേ എഫ്രെം യാത്രയോടൊപ്പം എന്നു വിചാരിപ്പാൻ ൫൫ാം വാക്യം സംഗതി വരുത്തുന്നു; എങ്ങിനെ എന്നാൽ: അതിൻ പ്രകാരം യേശു അന്നു പരയ്യയിലോ ഗലീലയിലോ ഉണ്ടായിരുന്നുവല്ലൊ. എഫ്രെം എന്ന സ്ഥലം ശമൎയ്യയുടെ തെക്കെ അതിരിൽ ആയിരുന്നു എന്നു സാധാരണമായി പറയുന്നുണ്ടു; ആകയാൽ യേശു ശമൎയ്യയിൽ കൂടി ഗലീലെക്കും അവിടെനിന്നോ തൻ ശിഷ്യരുമായി (൧൮, ൩൧) യരുശലേമിലേക്കുള്ള അന്ത്യയാത്രക്കും പുറപ്പെടുകയും ചെയ്തു എന്നു വിചാരിക്കേണ്ടതു.

H. കൂടാരപ്പെരുനാളിനെ കുറിച്ചു ഇനി ഒരു വാക്ക് പറവാൻ ശേഷിക്കുന്നു: അതു മത്താ. ൧൫ന്നു മുമ്പേ തന്നെ കഴിഞ്ഞു എന്നു പലരും വാദിക്കുന്നു. അവരുടെ ഹേതുക്കൾ ആവിതു:

൧. മത്താ. ൧൫; മാൎക്ക. ൭; എന്നീ അദ്ധ്യായങ്ങളിൽ പറയുന്ന ശത്രുത്വം ആ പെരുനാളിൽനിന്നു വന്നവരുടേതു തന്നെ ആകുന്നു എന്നു കല്പിക്കുന്നു.

൨. മാൎക്ക. ൭, ൨൪ൽ കാണുംപ്രകാരം യേശു രഹസ്യത്തിൽ ഇരിക്കേണ്ടതിന്നായി ദേശത്തിന്റെ അതിരുകളിൽ ഇത്ര സഞ്ചരിച്ചത്.

൩. യോഹ. ൭, ൬. ൮ എന്ന വാക്കുകളിൽ യേശു "എന്റെ സമയം വന്നില്ല" എന്നും, ലൂക്. ൯, ൫൧ൽ "തന്റെ സമയം തികഞ്ഞു" എന്നും പറകയാൽ യോഹ. ൭ലേ ഉത്സവം ലൂക്. ൯ലേ യാത്രക്ക് മുമ്പെ സംഭവിച്ചിരിക്കേണം.

ഇപ്രകാരം വിചാരിക്കാം എന്നു സമ്മതിക്കുന്നു, എങ്കിലും അല്പം എതിരായി പറവാനും ഉണ്ടു.

൧. യോഹ. ൭ലേ ഉത്സവം മത്താ. ൧൫ന്നു മുമ്പെ ചേൎത്തു വെക്കേണമെങ്കിൽ നമുക്ക് ആ ഭോജനം മുതൽ കൂടാരനാൾ വരെ യാതൊരു വാൎത്ത ഇല്ല (൫—൬ മാസത്തോളം).

൨. യേശു ൫൦൦൦ പേരെ ഭക്ഷിപ്പിച്ച ശേഷം ഒരു കാലത്തെക്ക് (എത്ര എന്നറിയാ; യോഹ. ൭, ൧.) ഗലീലയിൽ തന്നെ സഞ്ചരിച്ചു എന്നതു നന്നായി ഓൎക്കേണ്ടതു (മത്താ. ൧൫, ൧ നോക്കുക).

൩. കൂടാരപ്പെരുനാൾ മത്താ. ൧൫ന്നു മുമ്പെ കഴിഞ്ഞെങ്കിൽ മത്താ. ൧൫—൧൮ാം അദ്ധ്യായങ്ങളെയും, മറ്റെ സുവിശേഷങ്ങളിലേ ഒത്ത വിവരങ്ങളെയും യോഹ. ൭ലേ കൂടാരനാളിന്നും ൧൦ലേ പ്രതിഷ്ഠനാളിന്നും മദ്ധ്യേ ചേൎക്കേണം. അപ്പോൾ യേശു ആ രണ്ടു മാസത്തിന്നകം ഗലീലക്ക് പോയ പ്രകാരം വിചാരിക്കേണം. എന്നാൽ യേശു ആ സമയം മുഴുവൻ യരുശലേമിലോ അതിൻ അടുക്കലോ താമസിച്ചു എന്റെ പക്ഷം ആകുന്നു.

൪. ആയവരുടെ മൂന്നാം സംഗതി കൊണ്ടു തൎക്കിക്കാം. എന്നാൽ "തന്റെ നാളുകൾ തികഞ്ഞു" എന്നല്ലല്ലൊ "തികയുന്നതിൽ" അല്ല "തികയുമ്പോൾ" എന്നത്രെ ലൂക്. ൯, ൫൧ൽ വായിക്കുന്നു. തികവു വരുവോളത്തേക്ക് ഇനി എത്ര മാസം ഉണ്ടെന്നു ആൎക്കു നിശ്ചയിക്കാം? പിന്നെ യോഹ. ൭, ൬—൮. എന്നിവറ്റിൽ വായിക്കുന്ന "എന്റെ സമയം ഇതുവരെ വന്നിട്ടില്ല" എന്ന വാക്കുകളെ ചിലർ "ഉത്സവത്തിന്നു പോവാനുള്ള സമയം വന്നിട്ടില്ല" എന്നു വ്യാഖ്യാനിക്കുന്നതിനാൽ യേശു ഇവിടെ "എടുത്തു കൊള്ളപ്പെടേണ്ടുന്ന സമയം" കൊണ്ടല്ല പറയുന്നു എന്നു നിശ്ചയിക്കുന്നു. ഈ വാക്കിന്റെ അൎത്ഥത്തെ ഗ്രഹിപ്പാൻ തക്കവണ്ണം സഹോദരരുടെ താല്പൎയ്യം കൊണ്ടു തെളിയുന്നു എന്നു തോന്നുന്നു. യേശു തന്റെ മഹത്വത്തെ വിളങ്ങിക്കയും സകല ജനത്തിൻ മുമ്പിലും തന്നെത്താൻ മശീഹയായി വെളിപ്പെടുത്തുകയും ചെയ്യേണം എന്നവർ ആഗ്രഹിച്ചതുകൊണ്ടു അവൻ (അതു ചെയ്വാൻ) "എന്റെ സമയം ഇതുവരെ വന്നിട്ടില്ല" എന്നു പറയുന്നു താനും. ഇതത്രെ കൃത്രിമം കൂടാതെയുള്ള വ്യാഖ്യാനം എന്നു തോന്നുന്നു.

എന്നാൽ ഏതു സംഗതികൾക്കു അധികം ബലം ഉണ്ടു എന്നു വായനക്കാരൻ നിശ്ചയിക്കാമല്ലൊ.

I. ഈ മുമ്പറഞ്ഞവറ്റെ ആധാരമാക്കീട്ടു E പകുപ്പിലേ വിവരങ്ങളെ കാലക്രമമായി ചേൎക്കേണ്ടതാവിതു: ബീ, സീ, എന്ന അംശങ്ങളെ എടുത്ത ശേഷം എഫ്, ൧—൩ വരേ ഇടേണം. പിന്നെ ഏ, ൧—൩; എഫ് ൪; ഏ ൪. ൫; എഫ് ൫; ഒടുവിൽ ഡീ, ഈ, എന്ന അംശങ്ങളെ ഉള്ളവണ്ണമേ ചേൎക്കാം. ആകയാൽ വിവരപ്പകുപ്പുകൾ നടക്കുന്നതാവിത്:

54. മുൻ പറഞ്ഞ പെസഹ പെരുനാളിന്നായി പോകാഞ്ഞാലും, അവന്റെ ശ്രുതി യരുശലേമിലും കൂടി കേൾപ്പാറായിരുന്നതു കൊണ്ടു ഉത്സവം കഴിഞ്ഞിട്ടു പല പരീശരും, ശാസ്ത്രികളും ഗലീലയിലേക്കു വന്ന പ്രകാരം മത്തായും മാൎക്കനും നിശ്ചയിക്കുന്നു. ആയവർ യേശുവോടു തൎക്കിക്കുന്നതിൽ അവൻ മനുഷ്യനെ തീണ്ടിക്കുന്നതും, തീണ്ടിക്കാത്തതും എന്തെന്നു അവരോടു തെളിയിക്കയും ചെയ്തു. മത്താ. ൧൫, ൧—൨൦; മാൎക്ക. ൭, ൧—൨൩; യോഹ. ൭, ൧.

55. അതിന്റെ ശേഷം യേശു തൂർ ചീദോൻ എന്ന ദേശത്തിന്റെ അതിരുകളിലേക്കു യാത്രയായാറെ കനാന്യ സ്ത്രീയുടെ അപേക്ഷയെ സാധിപ്പി

ച്ചു; ജനങ്ങൾ തന്റെ സ്തുതിയെ പരത്തുകകൊണ്ടു, മത്താ. ൧൫, ൨൧—൨൮; മാൎക്ക. ൭, ൨൪—൩൦.

56. യേശു അവിടെനിന്ന് ദശപുരത്തിലേക്ക (യൎദ്ദന്നു കിഴക്ക്) മടങ്ങി വന്നാറെ ഒരു മലമേൽ കയറി ഉപദേശിക്കയും പല ദീനക്കാരെയും, വിശേഷിച്ചു ഊമനും ചെകിടനുമായവനെയും സൌഖ്യമാക്കുകയും, ൪൦൦൦ പേരെ പോഷിപ്പിക്കയും ചെയ്തു. മത്താ. ൧൫, ൨൯—൩൮; മാൎക്ക. ൭, ൩൧—൮, ൧൦.

57. അവിടെനിന്നു യേശു യൎദ്ദന്നിക്കരെയുള്ള മഗദല, ദല്മനൂഥ എന്നീ അംശങ്ങളിൽ വന്നാറെ പറീശരും, സദൂക്യരും അവനോടു അണഞ്ഞു അടയാളത്തെ ചോദിച്ചു. മത്താ. ൧൫, ൩൯—൧൬, ൪; മാൎക്ക. ൮, ൧൦—൧൨.

58. പിന്നെ യേശു ശിഷ്യന്മാരോടു കൂടെ അക്കരേയുള്ള ബെത്ത്ചൈദയിലെക്ക പോകുമ്പോൾ പുളിമാവിനെതൊട്ടുള്ള വാക്കുണ്ടായി. അവിടെ ഒരു കുരുടനു കാഴ്ചയും കൊടുത്തു. മത്താ. ൧൬, ൫—൧൨; മാൎക്ക. ൮, ൧൩—൨൬.

59. അവിടെനിന്നു യേശു ൬ കാതം വടക്കുള്ള ഫിലിപ്പന്റെ കൈസൎയ്യയിലെക്കുള്ള യാത്രയിൽ ശിഷ്യരോടു ഞാൻ "ആരെന്നു നിങ്ങൾക്കു തോന്നുന്നു" എന്നുള്ള ചോദ്യത്തിന്നു പേത്രൻ ധൈൎയ്യമുള്ള സ്വീകാരം പറഞ്ഞ ശേഷം യേശു തന്റെ ആഗമനത്തെതൊട്ടു സംസാരിക്കയും കഷ്ടാനുഭവത്തെ ഒന്നാമതായി അറിയിക്കയും ചെയ്തു. മത്താ. ൧൬, ൧൩—൨൮; മാൎക്ക. ൮, ൨൭—൯, ൧; ലൂക്ക. ൯, ൧൮—൨൭.

60. "൬—൮" ദിവസം കഴിഞ്ഞ ശേഷം യേശു ഒരു മലമേൽ കയറി എലിയ, മോശെ എന്നിവരോടു തന്റെ പുറപ്പാടിനെതൊട്ടു സംസാരിക്കയും രൂപാന്തരപ്പെട്ടുകയും ചെയ്തു. മത്താ. ൧൭, ൧—൧൩; മാൎക്ക. ൯, ൨—൧൩; ലൂക്ക. ൯, ൨൮—൩൬.

61. പിറ്റെ ദിവസം മലയിൽ നിന്ന് ഇറങ്ങി വരുമ്പോൾ ചന്ദ്രരോഗിയെ സ്വസ്ഥനാക്കിയശേഷം വഴിയിൽ വെച്ചു തന്റെ മരണത്തെ രണ്ടാമതായി അറിയിച്ചു. മത്താ. ൧൭, ൧൪—൨൩; മാൎക്ക. ൯, ൧൪—൩൨; ലൂക്ക. ൯, ൩൭—൪൫.

62. പിന്നെ കഫൎന്നഹൂമിലെക്ക കയറി ചെല്ലുമ്പോൾ അവർ അവനോട് തിരക്കി ചോദിച്ചാറെ ദ്വിദ്രഹ്മയെകൊണ്ടു സംഭാഷിച്ചു. മത്താ. ൧൭, ൨൪—൨൭.

63. ആ നാഴികയിൽ തന്നെ ശിഷ്യന്മാർ തങ്ങളിൽ വലിയവനാരാകുന്നു എന്നു ആലോചിക്കകൊണ്ടു യേശു ശിശുഭാവം, ഇടൎച്ച ക്ഷമ ഇത്യാദികളെകൊണ്ടു വിവരിച്ചു കൊടുത്തു. മത്താ. ൧൮, ൧—൩൫; മാൎക്ക. ൯, ൩൩—൫൦; ലൂക്ക. ൯, ൪൬—൫൦.

64. അതിന്റെ ശേഷം തന്റെ നാളുകൾ തികഞ്ഞു വരുന്നു എന്നു അറികയാൽ യരുശലേമിലേക്ക യാത്ര പുറപ്പെട്ടു, തന്നെ അനുഗമിപ്പാൻ മനസ്സുള്ള ഒരുവനോടു സംസാരിച്ചു; അന്നു തന്നെ ശമൎയ്യയിലേ ഒരു ഗ്രാമക്കാർ അവനെ കൈക്കൊള്ളാഞ്ഞത്. ലൂക്ക. ൯, ൫൧—൫൬. (൬൧. ൬൨?).

65. ഈ യാത്രയിൽ യേശു ൭൦ ശിഷ്യന്മാരെ തനിക്ക് മുമ്പയക്കയും, ഗലീലക്കടല്ക്കടുത്തു കിടക്കുന്ന പട്ടണങ്ങളെ നോക്കി ഉൾവ്യസനത്തോടെ അവററെ ശപിക്കയും ചെയ്തു. ലൂക്. ൧൦, ൧—൨൪; മത്താ. ൧൧, ൨൦—൩൦.

66. വഴിയിൽ വെച്ച ഒരു ധമ്മശാസ്ത്രി അണഞ്ഞു വന്നു "നിത്യജീവനെ അവകാശമാക്കുവാൻ എന്തു ചെയ്യേണ്ടു" എന്നു ചോദിച്ചതിന്നു യേശു കള്ളന്മാരുടെ കയ്യിൽ അകപ്പെട്ടവനെകൊണ്ടുള്ള ഉപമയാൽ അവനു തക്ക ഉത്തരം കൊടുത്തു. ലൂക്. ൧൦, ൨൫—൩൭.

67. അതിൻെറ ശേഷം യേശു ബെത്ഥന്ന്യയിലേ സഹോദരികളുടെ വീട്ടിൽ ഉണ്ടായെന്നു തോന്നുന്നു. ലൂക്. ൧൦, ൩൮—൪൨.

68. പിന്നെയുള്ള വിവരങ്ങളെ നോക്കിയാൽ പലതും ഒരു ആവത്തനം പോലെ തോന്നിയാലും, യേശു ഗലീലക്കാരോടു വിട വാങ്ങേണ്ടുന്ന സമയം അടുത്തിരിക്കകൊണ്ടു മുമ്പറഞ്ഞവററിൽ ചിലതു പിന്നേയും പറയുന്നതു ന്യായമല്ലോ. യേശു ഒരു സ്ഥലത്തു പ്രാത്ഥിച്ചശേഷം തങ്ങൾക്കും പ്രാത്ഥന പഠിപ്പിച്ചു തരേണമെന്നു ശിഷ്യന്മാർ അപേക്ഷിക്കയാൽ അവക്കു ഉത്തമ പ്രാത്ഥനയും മററും ഉപദേശിച്ചു കൊടുത്തു. ലൂക്. ൧൧, ൧—൧൩.

69. ഇതിന്നിടയിൽ പുരുഷാരം ആയിരങ്ങളായി അവന്നടുക്കെ വന്നപ്പോൾ യേശു അവരോടു പരീശരുടെ പുളിച്ച മാവു, വേഷധാരണം, ദ്രവ്യാഗ്രഹം, ധനചിന്ത, ജാഗരണം, വിശ്വസ്തത, വിവേകം ഇത്യാദികളെ കൊണ്ടു പ്രബോധിപ്പിച്ചതല്ലാതെ, സമയശോധന, പ്രതികാരഭാവം എന്നിവയെ കൊണ്ടു ശാസിക്കയും അന്യനു സംഭവിക്കുന്ന കഷ്ടത്തെ കൊണ്ടു പഠിക്കേണ്ടത് എന്ത് എന്നു ഉപദേശിക്കയും ചെയ്തു. ലൂക്. ൧൨, ൧—൫൯; ൧൩, ൧—൯.

70. അനന്തരം യേശു ശബ്ബത്തു നാളിൽ ഒരു പള്ളിയിൽ ഉപദേശിക്കുമ്പോൾ ൧൮ ആണ്ടോളം ദീനക്കാരത്തിയായിരുന്നവളെ സൌഖ്യമാക്കുകയും ചില ഉപമകളെ പറഞ്ഞു കൊടുക്കയും ചെയ്തു. ലൂക്. ൧൩, ൧൦—൨൧.

71. പിന്നേതിൽ യേശു യരുശലേമിന്നായി യാത്ര ചെയ്യുന്നേരം ഗ്രാമങ്ങൾ തോറും, പട്ടണങ്ങൾ തോറും സഞ്ചരിക്കുമ്പോൾ ഇടുക്കു വാതിലൂടെ ചെല്ലുവാനും ദൈവരാജ്യത്തെ അവകാശമാക്കുവാനും പറഞ്ഞ ആ ദിവസത്തിൽ തന്നെ ഹെരോദാ മൂലമായി താൻ നീങ്ങി പോകേണം എന്ന പ്രബോധനം ഉണ്ടായ ശേഷം യേശു പ്രവാചകരെ കൊല്ലുന്ന യരുശലേമെ കൊണ്ടു സങ്കടപ്പെടുന്നു. ലൂക്. ൧൩, ൨൨—൩൫.

72. അതിൻെറ ശേഷം പരസ്യമായല്ല, രഹസ്യത്തിൽ തന്നെ കൂടാരപ്പെരുനാളിന്നായി യരുശലേമിലേക്കു യാത്രയാകയും ജീവവെള്ളത്തെ കുറിച്ചുള്ള പ്രസംഗം കഴിക്കയും ചെയ്തു. യഹൂദന്മാർ ക്രുദ്ധിച്ചു അവനെ കൊല്ലുവാൻ നിശ്ചയിച്ചു; വൈകുന്നേരമായപ്പോൾ യേശു ഒലിവു മലെക്കു വാങ്ങി പോയി. പിറെറ ദിവസം പുലച്ചെക്കു മടങ്ങി വന്നാറെ പരീശർ തങ്ങളുടെ വേഷധാരണ

ഭാവത്തിൽ വ്യഭിചാരിണിയായ സ്ത്രീയെ കൊണ്ടു അവനെ പരീക്ഷിപ്പാൻ നോക്കിയാറെ, യേശു അവളെ വിട്ടുവിക്കയും, അവരും വിട്ടുതൽ ഉള്ളവരായ്തീരുവാൻ തക്കവണ്ണം വെളിച്ചവും ദൈവപുത്രനുമായവൻ പൈശാചികസന്തതിയായ അവരുടെ ഇടയിൽ വന്നിരിക്കുന്നു എന്നു പറകയും ചെയ്ത ശേഷം ഒരു കുരുടനെ സൌഖ്യമാക്കുന്നതിനാൽ അവരോടു ദിവ്യമായ പ്രതിക്രിയയും ചെയ്തു. അതു തന്നെയല്ല, പിന്നെയും അവരെ നല്ല ഇടയന്റെ അടുക്കൽ വരുവാനും, അവന്റെ ആടുകളായ്തീരുവാനും ക്ഷണിക്കുന്നു. അന്നു തന്നെ പ്രതിഷ്ഠനാൾ ആയിരുന്നത്. യേശു യഹൂദരെ തന്റെ ശബ്ദത്തെ കേട്ടു നിത്യജീവനെ കൈക്കൊൾവാൻ പ്രബോധിപ്പിക്കുമ്പോൾ താൻ ദൈവപുത്രനാകുന്നു എന്നു പറഞ്ഞ ഉടനെ അവർ പിന്നെയും പിടിക്കൂടുവാൻ അന്വേഷിച്ചു പോന്നു. യോഹ. ൮, ൨—൧൦, ൫൯.

73. ആകയാൽ യേശു അവിടെനിന്നു വാങ്ങി യോഹന്നാൻ മുമ്പെ സ്നാനം കഴിച്ച സ്ഥലത്തേക്കു പോയി, അല്പ സമയം അവിടെ പാർത്തു, പലരും അവനിൽ വിശ്വസിച്ചതുമല്ലാതെ ഒരു ശബ്ബത്തിൽ പരീശ പ്രമാണികളിൽ ഒരുവന്റെ വീട്ടിൽ പന്തിയിൽ ഇരിക്കുമ്പോൾ മഹോദരമുള്ളൊരു മനുഷ്യനെ സൌഖ്യമാക്കിയ ശേഷം, ശബ്ബത്തു, വിശുദ്ധീകരണം, താന്തോന്നിത്വം എന്നിവയെ കൊണ്ടും, വലിയ അത്താഴത്തെ കുറിച്ചുമുള്ള ഉപമയെയും, ശിഷ്യനാവാൻ വേണ്ടുന്ന ഭാവത്തെ കൊണ്ടും പറകയും ചെയ്തു. യോഹ. ൧൦, ൪൦—൪൨; ലൂക്. ൧൪, ൧—൩൫.

74. പിന്നെ ചുങ്കക്കാരും പാപികളും അവന്റെ അടുക്കൽ വന്നപ്പോൾ നഷ്ടമായ ആടു, കാണാതെ പോയ ദ്രഹ്മ, മുടിയനായ മകൻ എന്നീ മൂന്നുപമകളാൽ ദൈവകരുണയെ വൎണ്ണിക്കയും, ശിഷ്യന്മാരോടും ചില പരീശരോടും അനീതിയുള്ള വീട്ടുവിചാരകന്റെ ഉപമയും, ധൎമ്മനിലയും, ധനവാൻ ലാജരെന്നിരുവരുടെ ഉപമയും ചൊല്ലി കാട്ടിയ ശേഷം, ശിഷ്യന്മാരോടു ഇടൎച്ചകൾ, ക്ഷമ, വിശ്വാസബലം, താഴ്മ എന്നിവറ്റെ കൊണ്ടും സംസാരിക്കയും ചെയ്തു. ലൂക്. ൧൫, ൧—൧൭, ൧൦.

75. ഇതിൽ പിന്നെ യേശു ബെത്ഥന്യയിലേ ലാജർ ദീനമായ്ക്കിടക്കയും മരിക്കയും ചെയ്ത പ്രകാരം കേട്ടറിഞ്ഞ ശേഷം അവിടേക്കു ചെന്നു അവനെ ഉണൎത്തുകയും ചെയ്തു. യോഹ. ൧൧, ൧—൪൬.

76. പരീശന്മാർ അതു കേട്ടാറെ മഹാ ക്രുദ്ധിതരായി യേശുവിനെ കൊല്ലുവാൻ വീണ്ടും നോക്കി എങ്കിലും, അവൻ അവിടുന്നു വാങ്ങി എഫ്രയിമിലേക്കു പോയി താമസിക്കയും, ശമൎയ്യയിലും, ഗലീലയിലും, പരയ്യയിലും കൂടി ഒടുക്കത്തെ പെസഹക്കായി യരുശലേമിലേക്കു യാത്രയാകയും ചെയ്തു. ഇതിന്നിടയിൽ സംഭവിച്ചതാവിത:

൧. യേശു പത്തു കുഷ്ഠരോഗികളെ സൌഖ്യമാക്കയും, ദൈവരാജ്യം എപ്പോൾ വരും എന്ന ചോദ്യത്തിന്നുത്തരം കൊടുത്ത ശേഷം ഇടവിടാതെ പ്രാൎത്ഥിച്ചുണൎന്നിരിപ്പാനും, എങ്ങിനെ പ്രാൎത്ഥിക്കേണം എന്നും ഉള്ളതിനെ തൊട്ടു രണ്ടു ഉപമകളെ ചൊല്ലിത്തരികയും ചെയ്തു.

൨. പരയ്യയിൽ എത്തിയാറെ പുരുഷൻ തന്റെ ഭാൎയ്യയെ ഉപേക്ഷിക്കാമോ എന്നു ചോദിപ്പാൻ ഒരുത്തൻ വന്നിട്ടു യേശു അവരുടെ കഠിനതയെ കാട്ടി ഉത്തരം കൊടുക്കയും ചെയ്തശേഷം, അവർ പൈതങ്ങളെ അവന്റെ അടുക്കൽ കൊണ്ടുവരുമ്പോൾ അവരെ അനുഗ്രഹിക്കയും, ധനവാനായ യുവാവു "നിത്യജീവനെ അവകാശമാക്കുവാൻ എന്തു ചെയ്യേണ്ടു" എന്നു യേശുവോടു ചോദിക്കയും ചെയ്തപ്പോൾ, അവനോടു ധൎമ്മത്തെ നിവൃത്തിക്കയും സകലവും വിററു ദരിദ്രൎക്കു കൊടുക്കയും ചെയ്യേണമെന്നു പറകയും ചെയ്തു; ശിഷ്യന്മാർ തങ്ങൾ സകലവും വിടുകയാൽ എന്തു പ്രതിഫലം വരുമെന്നു ചോദിച്ചതിന്നു മുന്തിരിതോട്ടത്തിലേ വേലക്കാരുടെ ഉപമയാൽ ഉത്തരം കൊടുത്തു. യോഹ. ൧൧, ൫൪—൫൭; ലൂക്. ൧൭, ൧൧—൧൮, ൩൦; മത്താ. ൧൯, ൧—൨൦, ൧൬; മാൎക്ക. ൧൦, ൧—൩൧.

77. ഈ അംശത്തിൽ ശേഷിക്കുന്ന വിവരങ്ങളുടെ (മൂന്നു ആദ്യസുവിശേഷങ്ങളിൽ ഒത്തതായ) കാലക്രമമാവിതു:

യേശു തന്റെ ശിഷ്യന്മാരോടു തനിക്കു വരുന്ന കഷ്ടാനുഭവത്തെ കുറിച്ചു വീണ്ടും പറഞ്ഞ ശേഷം അവരോടു കൂടെ നേരെ യരുശലേമിലേക്കാമാറു പുറപ്പെടുവാൻ താല്പൎയ്യപ്പെട്ടു; അന്നു ജബെദി പുത്രരുടെ അമ്മ വന്നു മക്കൾക്കു തന്റെ രാജ്യത്തിൽ മുഖ്യാസനങ്ങളെ കൊടുക്കേണമെന്നു അപേക്ഷിക്കുന്നു. യറിഹൊ സമീപത്തു എത്തിയാറെ രണ്ടു കുരുടർ അടുത്തു വന്നു, ഞങ്ങൾക്കു കാഴ്ച കൊടുക്കേണമെന്നു അപേക്ഷിച്ചു. (പട്ടണത്തിലേക്കു ചെല്ലുമ്പോൾ എന്നു ലൂക്കാവും, പട്ടണത്തിൽനിന്നു വരുമ്പോൾ എന്നു മത്തായും, മാൎക്കനും പറയുന്നു. അതല്ലാതെ മത്തായി രണ്ടു കുരുടരെന്നും, മാൎക്കനും ലൂക്കാവും ഒരുവനെന്നും ചൊല്ലുന്നു.) ആ ദിവസം സഖായുടെ ഭവനത്തിന്നു രക്ഷോദയമായിരുന്നു. പിന്നെ യേശു യരുശലേമിന്നു സമീപിച്ചിരിക്കുമ്പോൾ ൧൦ ദാസരിൽ ഏല്പിച്ച മ്നാക്കളുടെ ഉപമയും പറഞ്ഞു. മത്താ. ൨൦, ൧൭—൧൯; മാൎക്ക. ൧൦, ൩൨—൩൪; ലൂക്. ൧൮, ൩൧—൩൪; മത്താ. ൨൦, ൨൦—൨൮; മാൎക്ക. ൧൦, ൩൫—൪൫; മത്താ. ൨൦, ൨൯—൩൪; മാൎക്ക. ൧൦, ൪൬—൫൨; ലൂക്. ൧൮, ൩൫—൪൩; ലൂക്. ൧൯, ൧—൧൦; ലൂക്. ൧൯, ൧൧—൨൭.

F.

കഷ്ടാനുഭവസപ്തകം മുതൽ ആരോഹണം വരേ.

(കാലം: ൭൮൩; ൩൦; ഏപ്രിൽ ൧ മുതൽ മേയി ൧൮ വരേ.)

സൂചകം:

ബെത്ഥന്യയിലേ അത്താഴം ഈ അംശത്തിലേ വിവരങ്ങളുടെ ആരംഭമാകുന്നു എന്നതു കൎത്താവിനെ കാണിച്ചു കൊടുപ്പാനുള്ള വിചാരം ഇതോടു കൂടെ ഇഷ്കൎയ്യോതാവിൽ ഉളവായതിനാൽ തന്നെ തെളിവായി. മത്തായും മാൎക്കനും അതിനെ യോജിപ്പു കൂടാതെ വേറൊരു സ്ഥലത്തു വെച്ചു; ലൂക്കാവിൽ നോക്കിയാൽ യോഹന്നാനോടു ഒത്തു വരും. എന്നാൽ പെസഹക്കു മുമ്പിലുള്ള ൬ാം ദിവസം ഏതാകുന്നു എന്ന ചോദ്യം ഉദിച്ചു വരുന്നു? ചിലർ ശനി എന്നും മററവർ ഞായറാഴ്ച എന്നും പറയുന്നു. അന്നു പെസഹകുഞ്ഞാടിനെ അറുക്കയും ഭക്ഷിക്കയും ചെയ്ത ദിവസം വ്യാഴമായിരുന്നാൽ മുമ്പറഞ്ഞ ൬ാം ദിവസം ശനിയാഴ്ച തന്നെ ആകുന്നു. ഗണിതശാസ്ത്രികൾ മിക്കവാറും (ചന്ദ്രമാസക്കണക്കിൻപ്രകാരം) വ്യാഴാഴ്ചയെ തന്നെ

(നീസാൻ ൧൪ന-) അറുക്കും നാളായി നിശ്ചയിക്കുന്നു. ആകയാൽ പെസഹപെരുനാൾ വെള്ളിയാഴ്ച തന്നെ ആയിരുന്നു. ഇതിനോടു സുവിശേഷങ്ങളിലേ ദിവസക്കണക്കും ഒത്തു വരുന്നു. യോഹ. ൧൨, ൧ൽ അത്താഴനാൾ ഉണ്ടു. യോഹ. ൧൨, ൧൩ൽ പ്രവേശനനാൾ കാണുന്നു. മത്താ. ൨൧, ൧൮; മാർക്ക. ൧൧, ൧൨. എന്നീസ്ഥലങ്ങളിൽ ഒരു മൂന്നാം ദിവസത്തെ കൊണ്ടും, മാർക്ക. ൧൧, ൨൦ൽ ഒരു നാലാം ദിവസത്തെ കൊണ്ടും പറയുന്നു. ഈ നാലാം ദിവസം മത്താ. ൨൬, ൧ —൨ലേ ദിവസത്തോടു ഒത്തു വരുന്നു. എന്നു മാർക്ക. ൧൪, ൧ നോക്കിയാൽ അറിയാം. പിന്നെ ഈ ദിവസത്തെ കൊണ്ടു തന്നെ "൨ ദിവസം കഴിഞ്ഞ ശേഷം പെസഹ അറുക്കയും ഭക്ഷിക്കയും ചെയ്യും" എന്നു പറകയാൽ അതു ചൊവ്വാഴ്ച തന്നെ. നാലാം നാൾ ചൊവ്വ ആകുന്നെങ്കിലോ ൧ാം നാൾ ശനിയാഴ്ച ആയിരിക്കുമല്ലോ!

കാലക്രമവിവരം.

78. ശനിയാഴ്ച:—ഈ ദിവസത്തിൽ സംഭവിച്ചതു്: ബെത്ഥന്യയിലേ അത്താഴവും തൈലാഭിഷേകവും യൂദാവിൻ മത്സരാരംഭവും (യോഹ. ൧൨, ൧—൧൧; മത്താ. ൨൬, ൬—൧൩; മാർക്ക. ൧൪, ൩—൯)

79. ഞായറാഴ്ച:—ഈ ദിവസത്തിൽ യേശു യരുശലേമെ കൊണ്ടു വിലപിക്കയും നഗരപ്രവേശം കഴിക്കയും ചെയ്തു. (ലൂക്. ൧൯, ൨൮—൪൪; മത്താ. ൨൧, ൧—൧൧; മാർക്ക. ൧൧, ൧—൧൧; യോഹ. ൧൨, ൧൨—൧൯).

80. തിങ്കളാഴ്ച:—ഈ ദിവസത്തിൽ യേശു അത്തിമരത്തെ ശപിക്കയും ദൈവാലയശുദ്ധീകരണം കഴിക്കയും ചെയ്തു. (മത്തായി ഈ ദിവസങ്ങളെ അത്രെ നന്നായി വേർതിരിക്കുന്നില്ല). (മത്താ. ൨൧, ൧൮—൧൯. ൧൨—൧൭; മാർക്ക. ൧൧, ൧൨—൧൯; ലൂക്. ൧൯, ൪൫—൪൮).

81. ചൊവ്വാഴ്ച:—ഈ ദിവസത്തിൽ ഉണ്ടായതു്: വിവിധസംഭാഷണവും, പരീശരുടെ ആക്ഷേപണവും, പരീക്ഷാചോദ്യത്തിന്നു എതിർ ചോദ്യവും, ശ്രീഭണ്ഡാരത്തിന്നരികെ ഇരുന്നതും, യരുശലേമിന്നു വരേണ്ടുന്ന നാശത്തെയും ലോകാവസാനത്തെയും തൊട്ടുള്ള ഉപദേശവും. (മത്താ. ൨൧, ൨൦—൨൨; മാർക്ക. ൧൧, ൨൦—൨൬; മത്താ. ൨൧, ൨൩—൨൩, ൩൯; മാർക്ക. ൧൧, ൨൭—൧൨, ൪൦; ലൂക്. ൨൦;—മാർക്ക. ൧൨, ൪൧—൪൪; ലൂക്. ൨൧, ൧—൪;—മത്താ. ൨൪; മാർക്ക. ൧൩; ലൂക്. ൨൧, ൫—൩൮; മത്താ. ൨൫).

82. ബുധനാഴ്ച:—ഈ ദിവസത്തിന്റെ സംഭവങ്ങളാവിതു്: തന്റെ സമയം അടുത്തു വന്നതിന്നു യവനരുടെ വരവു പുതിയൊരു ലക്ഷണമാകയാൽ വെളിച്ചമായ തന്നിൽ വിശ്വസിക്കേണ്ടതിന്നു യഹൂദരോടുള്ള പ്രബോധനം. എന്നാൽ ഈ പ്രബോധനവും അവരിൽ നഷ്ടമായി. പരീശരും ശാസ്ത്രികളും ഇഷ്കൎയ്യോതാവുമായി യേശുവിനെ എങ്ങിനെ പിടിക്കയും കൊല്ലുകയും ചെയ്യ്വാൻ കഴിയും എന്നു ആലോചന കഴിച്ചു എങ്കിലും യേശു ഉപേക്ഷിക്കപ്പെട്ടവനായിരുന്നിട്ടും ഒരു അന്ത്യസാക്ഷ്യം ഉച്ചരിക്കയും ചെയ്തു. (യോഹ. ൧൨, ൨൦—൩൬;—യോഹ. ൧൨, ൩൭—൪൩; മത്താ. ൨൬, ൧—൫. ൧൪—൧൬; മാർക്ക. ൧൪, ൧. ൨. ൧൦. ൧൧; ലൂക്. ൨൨, ൧—൬;—യോഹ. ൧൨, ൪൪—൫൦).

83. വ്യാഴാഴ്ച:—യേശു തന്നെത്താൻ കഷ്ടാനുഭവത്തിന്നു ഏല്പിച്ചു; അത്താഴത്തെ ഒരുക്കുവാൻ രണ്ടു ശിഷ്യരെ അയച്ചിട്ടു താനും മററെ ശിഷ്യരുമായി വൈകുന്നേരത്ത് എത്തിയശേഷം ശിഷ്യന്മാരിൽവെച്ചു തങ്ങളിൽ ആർ വലിയവൻ എന്ന തൎക്കം ഉണ്ടായപ്പോൾ യേശു അവൎക്ക് ഉത്തരമായി അവരുടെ കാലുകളെ കഴുകുകയും, സ്നേഹിതനായി അവരെ പ്രബോധിപ്പിക്കയും, കാണിച്ചു കൊടുപ്പാൻ നിശ്ചയിച്ചവനെ ഉണൎത്തുവാൻ ഉത്സാഹിക്കയും ചെയ്തശേഷം ഇവൻ പുറത്തു പോയാറെ യേശു തിരുവത്താഴത്തെ സ്ഥാപിച്ചു, പേത്രനെയും മററെ ശിഷ്യരെയും വരുവാനുള്ളത് ഹേതുവായി പ്രബോധിപ്പിക്കയും സ്നേഹമാൎന്ന വാക്കുകളോടു കൂടെ അത്താഴത്തിൽനിന്നു എഴുന്നീല്ക്കയും, ആ ശാലയിൽ വെച്ചോ ഒലിവ മലെക്കുള്ള വഴിയിലോ തന്റെ പിതൃഭാവത്തോടു കൂടിയ പ്രബോധനവാദത്തങ്ങളെ പറകയും, സാരമേറിയ പുരോഹിതപ്രാൎത്ഥനയെ കഴിച്ചുംകൊണ്ടു ഗഥശമനയിൽ എത്തിയാറെ, സൎവ്വലോകത്തിന്റെ പാപകാരണത്താൽ ഉണ്ടായ്വന്ന അതിവ്യസനവും അത്യാസന്നവുമായ പോരാട്ടം തുടങ്ങുകയും, സാക്ഷാൽ പെസഹകുഞ്ഞാടായവൻ തന്റെ ഇഷ്ടത്തെ പിതാവിൻ തിരുഹിതത്തിൽ തീരേ ഏല്പിക്കയും ചെയ്തു. (യോഹ. ൧൩, ൧; മത്താ. ൨൬, ൧൭—൨൦; മാൎക്ക. ൧൪, ൧൨—൧൭; ലൂക്. ൨൨, ൭—൧൮;—ലൂക്. ൨൨, ൨൪; യോഹ. ൧൩, ൨—൧൧; ലൂക്. ൨൨, ൨൫—൨൭; യോഹ. ൧൩, ൧൨—൧൭;—യോഹ. ൧൩, ൧൮—൩൮; ലൂക്. ൨൨, ൧൯—൨൩. ൨൮—൩൮; മത്താ. ൨൬, ൨൧—൨൯; മാൎക്ക. ൧൪, ൨൨—൨൫;—യോഹ. ൧൪. മത്താ. ൨൬, ൩൦—൩൫; മാൎക്ക. ൧൪, ൨൬—൩൧; ലൂക്. ൨൨, ൩൯; യോഹ. ൧൮, ൧;—യോഹ. ൧൫—൧൭; മത്താ. ൨൬, ൩൬—൪൬; മാൎക്ക. ൧൪, ൩൨—൪൨; ലൂക്. ൨൨, ൪൦—൪൬; യോഹ. ൧൮, ൧. ൨).

സൂചകം: യോഹ. ൧൩ലേ അത്താഴം മററെ സുവിശേഷങ്ങളിലേ അത്താഴത്തോടു ഒത്തതോ അല്ലയോ എന്നത് ഇന്നോളം തീരാത്തതായ ഒരു തൎക്കം. അതിനെ അല്പമായി തൊടുന്നതേയുള്ളു: നാലു സുവിശേഷങ്ങളിലേ വിവരങ്ങളെ നാം മേലിൽ ചെയ്ത പ്രകാരം യോജിപ്പിച്ചാൽ തൎക്കത്തിന്നിട ഉണ്ടാകയില്ല താനും. നാം കൃത്രിമം ഒഴികെ വിവരങ്ങളെ ചേൎത്തോ അല്ലയോ എന്നത് വായനക്കാരൻ ഉടനെ കാണുമല്ലോ. യോഹന്നാൻ സ്നേഹ സദ്യയാകുന്ന പെസഹഭോജനവും തിരുവത്താഴവും വേൎതിരിക്കാതെ വിവരിക്കുന്നത് എന്റെ പക്ഷം ആകുന്നു.

84. വെള്ളിയാഴ്ച:—യേശു പോരാട്ടത്തിൽ ഇരിക്കുന്ന സമയം ശത്രുക്കളായവർ അണഞ്ഞു വന്നപ്പോൾ ശിഷ്യന്മാർ അവനെ വിട്ടുകയും, അവൻ പിടിക്കപ്പെട്ടുകയും, അതികാലത്ത് തന്നെ രാത്രി മുഴുവൻ ആലോചന കഴിച്ചവരുടെ അട്ടുക്കൽ കൊണ്ടുവരപ്പെട്ടുകയും, രോമനാടുവാഴി മരണവിധി കല്പിപ്പാൻ നിൎബ്ബന്ധിക്കപ്പെട്ടുകയും ചെയ്തതല്ലാതെ, അവർ കുററമില്ലാത്തവനെ ഉപദ്രവിക്കയും, കള്ളന്മാരോടൊന്നിച്ചു കുലനിലത്തേക്ക് കൊണ്ടുപോയി ക്രൂശിൽ തറക്കയും ചെയ്തെങ്കിലും, ദുഷ്ടന്മാരോടു കൂടെ അവന്നു ശവസംസ്കാരം ചെയ്വാൻ തുടങ്ങിയവരുടെ ആലോചനയെ ദൈവം താൻ നിഷ്ഫലം ആക്കി മരണത്തിൽ പിൻ അവൻ സമ്പന്നനോടു ഉണ്ടായിരിക്കയാൽ പ്രവചനത്തിന്നു നിവൃ

ത്തി വരികയും ചെയ്തു. (മത്താ. ൨൬, ൪൭—൫൬; മാൎക്ക. ൧൪, ൪൩—൫൨; ലൂക്ക. ൨൨, ൪൭—൫൩; യോഹ. ൧൮, ൩—൧൨;—മത്താ. ൨൬, ൫൭—൨൭, ൩൧; മാൎക്ക. ൧൪, ൫൩—൧൫, ൨൦; ലൂക്ക. ൨൨, ൫൪—൨൩, ൨൫; യോഹ. ൧൮, ൧൩—൧൯, ൧൬;—മത്താ. ൨൭, ൩൨—൬൬; മാൎക്ക. ൧൫, ൨൦—൪൭; ലൂക്ക. ൨൩, ൨൬—൫൬; യോഹ. ൧൯, ൧൬—൪൨).

സൂചകം: യോഹ. ൧൮, ൨൮; ൧൯, ൧൪. ൩൧ എന്നീ വചനങ്ങളിൻ പ്രകാരം യേശു പെസഹപെരുനാളിന്റെ തലദിവസത്തിൽ തന്നെ മരിച്ചു. മറെറ സുവിശേഷകരോ പെസഹപെരുനാൾ തന്നെ മരണ ദിവസം ആയിരുന്നു എന്നു സ്ഥാപിക്കുന്നു. ഇത് ഹേതുവായി പണ്ടു മുതൽ അസഹ്യതൎക്കങ്ങൾ നടന്നു പോൽ! എന്നാൽ മേല്പറഞ്ഞ പ്രകാരം നീസാൻ ൧൫ാംനു ഒരു വെള്ളിയാഴ്ച ആയിരുന്നു. പെസഹപെരുനാൾ വെള്ളിയാഴ്ച ആകുന്നുവെങ്കിലോ ഉത്സവത്തെ അതിന്നു പിമ്പുള്ള ശനിയാകുന്ന ശബ്ബത്ത് ദിവസത്തിൽ മാത്രം കൊണ്ടാടുന്നു എന്ന വൎത്തമാനം ഉണ്ടാകയാൽ ഇരുപക്ഷക്കാൎക്കും ന്യായമുണ്ടു. എങ്ങിനെ എന്നാൽ യോഹന്നാൻ യഹൂദർ ആചരിച്ച ദിവസത്തെയും മറെറ സുവിശേഷകർ നീസാൻ ൧൫ാംനു-യെയും സൂചിപ്പിച്ചിരിക്കുന്നതു സ്പഷ്ടം. ഇല്ല എന്നു വരികിലോ യോഹന്നാൻ പെസഹ ഭോജനത്തെ തന്നെ അല്ല ദൈവകല്പന പ്രകാരം ആ ഏഴ നാളുകളിൽ ഉണ്ടായ ഉത്സവ ഭോജനങ്ങളെ സൂചിപ്പിക്കുന്നു. ഓരോ ദിവസത്തിലും ഉണ്ടായ അത്താഴത്തിന്നും കൂടെ പെസഹഭോജനം എന്നു പറയാറുണ്ടു. (V. മോശ. ൧൬, ൨. ൩.) [ലൂക്ക. ൨൩, ൨൬ൽ ശിമോൻ നാട്ടിൽനിന്നു വരുന്നതു ഓൎക്കണം!]

85. ശനിയാഴ്ച:—യോഹ. ൧൯, ൩൧ൽ പറയും പ്രകാരം "ആ ശബ്ബത്ത് നാൾ വലിയത്" ആയിരുന്നു. പക്ഷെ ഇതിനാൽ തന്നെ "പെസഹോത്സവം ശബ്ബത്തിൽ ഉണ്ടായിരുന്നു" എന്നത് തെളിയും. യോഹന്നാൻ ഈ വാക്കുകളെ ചേൎക്കുന്നതു വെറുതെയല്ല എന്നു വിചാരിക്കുന്നു. ഈ നാൾ സ്വസ്ഥനാൾ എങ്കിലും, I. പേത്രൻ. ൩, ൧൮—൨൦; ൪, ൬; എന്നീവചനങ്ങളെ നോക്കിയാൽ കൎത്താവു വേറൊരിടത്ത് പോയി രക്ഷാദിവസത്തെ അറിയിക്കയും ചെയ്തു എന്നു കാണുന്നു. (ലൂക്ക. ൨൩, ൫൬).

86. ഞായറാഴ്ച:—പുനരുത്ഥാനനാൾ: ഈ ദിവസത്തിൽ സംഭവിച്ചതിനെ ഒന്നാമത് ഇവിടെ ചേൎക്കുന്നു, പിന്നെ മാത്രം ഒരു സൂചകത്തിൽ അംഗീകരിച്ച ക്രമത്തിന്നു തുമ്പുണ്ടാക്കും:

൧. പുനരുത്ഥാനം. മത്താ. ൨൮, ൧—൪.

൨. സ്ത്രീകൾക്കു കല്ലറയുടെ അടുക്കൽ ദൂതൻ പ്രത്യക്ഷനായതു. മത്താ. ൨൮, ൫—൮; മാൎക്ക. ൧൬, ൧—൮; ലൂക്ക. ൨൪, ൧—൮; യോഹ. ൨൦, ൧—൨.

൩. പേത്രനും യോഹന്നാനും കല്ലറ സമീപത്തും അകത്തും ചെന്നതു. യോഹ. ൨൦, ൩—൧൦; ലൂക്ക. ൨൪, ൧൨.

൪. യേശു മറിയെക്കും, പിന്നെ മറെറ സ്ത്രീകൾക്കും പ്രത്യക്ഷനായതു. യോഹ. ൨൦, ൧൧—൧൮; മാൎക്ക. ൧൬, ൯—൧൧; മത്താ. ൨൮, ൯. ൧൦; ലൂക്ക. ൨൪, ൯—൧൧. (ശത്രുക്കളും വാൎത്ത കേട്ടതു മത്താ. ൨൮, ൧൧—൧൫).

൫. യേശു പേത്രന്നും എമ്മവുസ്യൎക്കും പ്രത്യക്ഷനായതു. ലൂക്ക. ൨൪, ൧൩—൩൫; മാൎക്ക. ൧൬, ൧൨—൧൩.

൬. വൈകുന്നേരമായപ്പോൾ തോമാവൊഴികെ എല്ലാ ശിഷ്യൎക്കും പ്രത്യക്ഷനായതു. ലൂക്ക. ൨൪, ൩൬—൪൮; മാൎക്ക. ൧൬, ൧൪; യോഹ. ൨൦, ൧൯—൨൩.

സൂചകം: ദൈവ വചനത്തിൻെറ ശത്രുക്കൾ പുനരുത്ഥാന വിവരത്തിൽ വളരെ ഇടച്ച് കാണുന്നു; അതിലേ വലിയ വ്യത്യാസത്തെ നിഷേധിപ്പാൻ നമുക്കും പാടില്ല. എന്നാൽ സുവിശേഷകർ തമ്മിൽ ആലോചിച്ചെഴുതീട്ടില്ല എന്നതിന്നു ഈ വ്യത്യാസം തന്നെ സാക്ഷി!

മുഖ്യമായ വ്യത്യാസങ്ങളാവിത്: **യോഹന്നാൻ** എഴുതും പ്രകാരം മഗ്ദലമറിയ രണ്ടാം പ്രാവശ്യം കല്ലറയുടെ അടുക്കെ വരുമ്പോൾ ഒന്നാമവളായി എഴുനീല്പിനെ കുറിച്ചുള്ള വാൎത്ത കേട്ടു. **ലൂക്കാ** എഴുതും പ്രകാരം മറിയയും ചില സ്ത്രീകളും വന്നപ്പോൾ കല്ലു നീക്കപ്പെട്ടതിനെയും രണ്ടു ദൂതന്മാരെയും കണ്ടു; **മത്തായി** എഴുതും പ്രകാരം മുമ്പറഞ്ഞ സ്ത്രീകൾ വന്നപ്പോൾ ഒരു ദൂതൻ അവർ കാണ്കെ കല്ലിനെ നീക്കുകയും ക്രിസ്തുൻ എഴുനീററു എന്നറിയിക്കയും ചെയ്തു. ഇവർ മടങ്ങി പോകുന്നതിൽ യേശു അവരെ എതിരേററു. **മാൎക്കൻ** എഴുതും പ്രകാരം മുമ്പറഞ്ഞ സ്ത്രീകൾ ഒരു ദൂതനാൽ വാൎത്ത കേട്ടു എന്നും യേശു മഗ്ദലക്കാരത്തിക്കു മാത്രം പ്രത്യക്ഷനായ്വന്നു എന്നും തന്നെ.

മുമ്പറഞ്ഞ വിവരങ്ങളെ അക്ഷരത്തോളം ഒരുമപ്പെടുത്തുന്നത് കഴിയാത്ത കാൎയ്യം തന്നെ. എന്നാൽ ഓരോ സുവിശേഷത്തിലേ സത്യം നില്ക്കത്തക്കവണ്ണം ഉള്ളൊരു വിവരക്രമം കാണുന്നുണ്ടു. മേലിൽ ചേൎത്തപ്രകാരം പക്ഷെ: മഗ്ദലക്കാരത്തി ആദിയിൽ തനിയെ കല്ലറക്കൽ വന്നു, അതിനെ ഒഴിഞ്ഞതായി കണ്ടശേഷം പേത്രനോടും യോഹന്നാനോടും വാൎത്ത അറിയിക്കുന്നിടയിൽ മറെറ സ്ത്രീകളും വന്നു ദൂതൻെറ വൎത്തമാനം കേട്ടിട്ടു മടങ്ങുമ്പോൾ കൎത്താവു അവൎക്കും പ്രത്യക്ഷനായി; ഒന്നാം പ്രത്യക്ഷതയോ മഗ്ദലക്കാരത്തിക്കായിരുന്നു എന്നു തോന്നുന്നു.

സൂചകം.

പ്രത്യക്ഷതാവിവരത്തിലും വ്യത്യാസം ഉണ്ടാകകൊണ്ടു ചില വാക്കുകളെ ഇവിടെ പറയേണ്ടതാകുന്നു.

യോഹന്നാൻ പറയും പ്രകാരം യേശു പുനരുത്ഥാനനാൾ വൈകുന്നേരത്തും എട്ടു ദിവസം കഴിഞ്ഞിട്ടും ശിഷ്യൎക്കു പ്രത്യക്ഷനായ്വന്നതു. ലൂക്കാ പറയും പ്രകാരം യേശു പുനരുത്ഥാനനാളിൽ പ്രത്യക്ഷനായ്വന്നെങ്കിലും, ശിഷ്യന്മാർ അന്നു മുതൽ പെന്തകോസ്തു വരെ യരുശലേമിൽ പാൎക്കയും ആരോഹണം ഉടനെ സംഭവിക്കയും ചെയ്തപ്രകാരം ഊഹിക്കാം. അവൻ അപ്പോസ്തലപ്രവൃത്തികളിലും യരുശലേമെ തൊട്ടു മാത്രം പറയുന്നുവെങ്കിലും പ്രത്യക്ഷതകൾ ൪൰ ദിവസത്തോളം ഉണ്ടായതും കാണിച്ചു തരുന്നു. **മത്തായി** സുവിശേഷത്തിൻപ്രകാരം യേശു ഗലീലയിൽ മാത്രം പ്രത്യക്ഷനായ്വന്നതു. **മാൎക്കൻ** തൻെറ സുവിശേഷത്തിൽ ഗലീലയിലും യരുശലേമിലും ഉണ്ടായ പ്രത്യക്ഷതകൾ കൊണ്ടു പറയുന്നു.

ശിഷ്യനായ **മത്തായി** ഗലീലയിലേ പ്രത്യക്ഷത മാത്രം കുറിക്കുന്ന സംഗതി എന്തെന്നു ചോദിച്ചാൽ ൨൮, ൧൬ മററും; ൨൬, ൩൨ എന്നീവാക്കുകൾ അല്ലാതെ തൻെറ സുവിശേഷത്തെ എഴുതിയതിൻെറ അഭിപ്രായവും കൂടെ ഉത്തരമായി കാണിക്കാം. ഇസ്രയേൽ രാജാവു വന്നെങ്കിലും, സ്വജനം അവനെ കൈക്കൊള്ളാതെ ഉപേക്ഷിച്ചു കളഞ്ഞിട്ടും അവൻ തൻെറ രാജ്യത്തെ അംഗീകരിച്ചു. എങ്ങിനെ എന്നാൽ യരുശലേമ്യർ ഉത്ഥാന വാൎത്തയെ അമൎത്തികൊള്ളും നേരം യേശു ഗലീലയിൽ വെച്ചു താൻ സ്ഥാപിച്ച സഭയുടെ തലവന്മാരായിരിപ്പാൻ പതിനൊരുവൎക്കു അധികാരം കൊടുത്തത് മത്തായുടെ അഭിപ്രായമാകുന്നു.

ലൂക്കാ തൻെറ സുവിശേഷത്തിൻെറ അന്തത്തിൽ അപ്പോസ്തലർ യരുശലേമിൽനിന്നു തന്നെ സാക്ഷികളായി പുറപ്പെടേണ്ടതാകയാൽ അവിടെ ഉണ്ടായ പ്രത്യക്ഷതകളെ കൊണ്ടു അവൎക്കു പുനരുത്ഥാന വിശ്വാസം ഉറപ്പിക്കപ്പെട്ടതിനെ വിശേഷാൽ കുറിക്കുന്നു.

പ്രവൎത്തന വിവരിയായ **മാൎക്കൻ** തൻെറ സുവിശേഷത്തെ ക്രിസ്തുനിലേ വിശ്വാസികൾക്ക് പിഞ്ചെല്ലുന്ന ക്രിയാടയാളങ്ങളെ കൊണ്ടു അവസാനിക്കുന്നു. അതു അവൻ കഥിക്കുന്ന ആ പ്രത്യക്ഷതക്ക് എത്രയും പററുന്നു.

പൂരിപ്പിക്കുന്ന യോഹന്നാൻെറ ലാക്കാവിതു: തൻ സുവിശേഷത്തെ വായിക്കുന്നവൎക്കു തേജസ്കരിക്കപ്പെട്ട നിത്യ ദൈവപുത്രനിലെ വിശ്വാസത്താൽ ജീവനുള്ളവരാകേണം (൨൦, ൩൧.) അതിൻപ്രകാരം പ്രത്യക്ഷതകളെയും വിവരിക്കുന്നു.

നാലു സുവിശേഷകർ "യേശു ഉള്ളവണ്ണം എഴുനീറ്റു" എന്നത് സാക്ഷീകരിപ്പാൻ താല്പൎയ്യപ്പെട്ടുകയാൽ താന്താൻ എഴുതിയ സുവിശേഷത്തിന്നൊത്തവണ്ണം പ്രത്യക്ഷതകളെയും വിവരിക്കുന്നു താനും.

87. എട്ടു ദിവസം കഴിഞ്ഞിട്ടു പതിനൊരുവർ ഒന്നിച്ചിരിക്കുമ്പോൾ യേശു അവരുടെ അടുക്കൽ വന്നു. വിശേഷിച്ചു തോമാവിനോടും സംസാരിച്ചു. യോഹ. ൨൦, ൨൪ — ൨൯.

88. ശിഷ്യന്മാർ ഗലീലക്കു പോയിരുന്നപ്പോൾ തിബേൎയ്യ പൊയ്കയരികെ യേശു പ്രത്യക്ഷനായ്വന്നു; പേത്രനോടു തൻ ആടുകളെ മെയ്പാൻ കല്പിക്കയും ചെയ്തു. (യോഹ. ൨൧, ൧ — ൨൫). [യരുശലേമിൽ പാൎപ്പാനുള്ള കല്പന പിന്നെ മാത്രം ലഭിച്ചിരിക്കേണം. മാൎക്ക. ൧൪, ൨൮].

89. പിന്നെ യേശു ഒരു മലമേൽ ശിഷ്യൎക്കും മറ്റും പ്രത്യക്ഷനായി (I. കൊരി. ൧൫, ൬) അവരെ വേലക്ക് നിയോഗിച്ചു. (മത്താ. ൨൮, ൧൬ — ൨൦; മാൎക്ക. ൧൬, ൧൫ — ൧൮).

90. പുനരുത്ഥാനം കഴിഞ്ഞിട്ടു ൪൦ ദിവസത്തിൽ പിന്നെ യേശു തൻെറ ശിഷ്യരെ കൂട്ടി പട്ടണത്തിൻെറ പുറത്ത് തങ്ങൾ അറിയുന്ന ഒലിവ മലയിലേക്ക് കൊണ്ടുപോയി അവരെ അനുഗ്രഹിക്കുന്നതിൽ തന്നെ അവരുടെ കണ്ണുകളിൽനിന്നു എടുക്കപ്പെട്ടുകയും ലോകസ്ഥാപനത്തിന്നു മുമ്പ് അവന്നുണ്ടായ തേജസ്സിൽ പ്രവേശിക്കയും ചെയ്തു. (മാൎക്ക. ൧൬, ൧൯ — ൨൦; ലൂക്. ൨൪, ൪൯ — ൫൩; അപ്പോ. പ്രവൃ. ൧, ൪ — ൧൨).

മത്തായി	മാക്ക്	ലൂക്ക്	യോഹ.	രോമാബ്ദം	ക്രിസ്താബ്ദം	മത്തായി	മാക്ക്	ലൂക്ക്	യോഹ.	രോമാബ്ദം	ക്രിസ്താബ്ദം
....	....	1, 1-4	....	748-749	മുൻ 4-5	15, 21-28	7, 24-30	....	....		
....	....	1, 5-25	....			15, 29-38	7, 3-18, 10	....	....		
....	....	1, 26-38	....			15, 39-16, 4	8, 10-12	....	....		
....	....	1, 39-56	....			16, 5-12	8, 13-26	....	....		
....	....	1, 57-79	....			16, 13-28	8, 27—9, 1	9, 18-27	....		
1, 18-23	....	....	....			17, 1-13	9, 2-13	9, 28-36	....		
....	....	2, 1-20	....			17, 14-23	9, 14-32	9, 37-45	....		
....	....	2, 21	....			17, 24-27	....	....	....		
....	....	2, 22-39	....			18, 1-35	9, 33-50	9, 46-50	....		
2, 1-12	....	....	....			....	....	9, 51-56. 61. 62	....		
2, 13-18	....	....	....			11, 20-30	....	10, 1-24	....		
2, 19-23	....	2, 39	....			....	....	10, 25-37	....		
....	....	1, 80	....			....	....	10, 38-42	....		
....	....	2, 40-52	....	761	പിൻ 8	....	....	11, 1-13	....		
1, 1-17	....	3, 23-38	1, 1-18			....	....	12, 1-13, 9	....		
3, 1-12	1, 1-6	3, 1-14	....	779-780	26-27	....	....	13, 10-21	....	ഒക്തൊ. 782	29
3, 13-17	1, 9-11	3, 21. 22	....			....	....	13, 22-35	....		
4, 1-11	1, 12-13	4, 1-13	....			....	....	....	7, 2-10, 39		
4, 11. 12	1, 7. 8	3, 15-18	1, 19-34			....	....	14, 1-35	10, 40-42	ഡിസെമ്പ്ര 782	29
....	....	....	1, 35-52			....	....	15, 1-17, 10	....		
....	....	....	2, 1-12			....	....	....	11, 1-53		
....	....	....	2, 1-33, 21	എപ്രിൽ 780	27	19, 1-20, 16	10, 1-31	17, 11-18, 30	11, 54-57		
....	....	....	3, 22 (4, 2)			20, 17-19	10, 32-34	18, 31-34	....		
....	....	(3, 18)	3, 23-36			20, 20-28	10, 35-45	18, 35-43	....		
(4, 12)	1, 14	4, 14	4, 1-3			20, 29-34	10, 46-52	19, 1-10	....		
....	....	....	4, 4-42			....	....	19, 11-27	....		
4, 13	....	....	4, 43-45			26, 6-13	14, 3-9	....	12, 1-11	എപ്രിൽ 783	30
....	....	....	4, 46-54			21, 1-11	11, 1-11	19, 28-44	12, 12-19		
4, 13-16	....	....	....			21, 18. 19. 12-17	11, 12-19	19, 45-48	....		
4, 17	1, 14. 15	4, 15	....			21, 20-22	11, 20-26	....	....		
4, 18-22	1, 16-20	5, 1-11	....			21, 23-23, 39	11, 27-12, 40	20	....		
....	1, 21-28	4, 31-37	....			....	12, 41-44	21, 1-4	....		
8, 14. 15	1, 29-31	4, 38. 39	....			24	13	21, 5-38	..		
8, 16. 17	1, 32-34	4, 40. 41	....			25	....	....	....		
4, 23	1, 35-39	4, 42-44	....			....	....	....	12, 20-36		
9, 1-9	2, 1-14	5, 17-28	....			26, 1-5. 14-16	14, 1. 2. 10. 11.	22, 1-6	12, 37-43		
12, 1-13	2, 23-3, 5	6, 1-11	....	എപ്രിൽ 781	28	....	....	....	12, 44-50		
12, 14-21	3, 6-13	6, 12	....			26, 17-20	14, 12-21	22, 7-18	13, 1		
4, 24. 25	....	....	....			....	....	22, 24	13, 2-11		
5, 1-7, 29	3, 14-19	6, 13-49	....			....	....	22, 25-27	13, 12-17		
8, 1-13	1, 40-45	5, 12-16	....			....	....	....	13, 18-38		
....	....	7, 1-10	....			26, 21-29	14, 22-25	22, 19-23. 28 38	....		
11, 2-19	....	7, 11-35	5, 1			....	....	....	14		
....	....	....	5, 2-47	ജൂൻ 781	28	26, 30-35	14, 26-31	22, 39	18, 1		
....	....	7, 36-50	....			....	....	....	15-17	783	30
....	....	8, 1-3	....			26, 36-46	14, 32-42	22, 40-46	18, 1. 2		
12, 22-50	3, 20-35	8, 19-21	....			26, 47-56	14, 43-52	22, 47-53	18, 3-12		
....	...	11, 14-54	....			26, 57-27, 31	14, 53-15, 20	22, 54-23, 25	18, 13-19, 16		
13, 1-52	4, 1-34	8, 4-18	....			27, 32-66	15, 21-47	23, 26-56	19, 16-42		
8, 18-27	4, 35-41	8, 22-25	....			....	....	....	(19, 31)		
....	....	9, 57-60	....			28, 1-4	16, 1. 2	....	...		
8, 28-34	5, 1-20	8, 26-39	....			28, 5-8	16, 3-8	24, 1-8	20, 1. 2		
9, 10-17	2, 15-22	5, 29-39	....			....	....	24, 12	20, 3-10		
9, 18-26	5, 22-43	8, 40-56	....			28, 9. 10	16, 9-11	24, 9-11	20, 11-18		
9, 27-34	...	....	....			28, 11-15	....	....	....		
13, 53-58	6, 1-6	4, 16-30	....			....	16, 12. 13	24, 13-35	....		
9, 35-38	...	....	....			....	16, 14	24, 36-48	20, 19-23		
10, 1-11, 1	6, 7-13	9, 1-6	....			....	....	....	20, 24-31		
14, 1-12	6, 14-29	9, 7-9	....			....	(14, 28)	....	21, 1-25		
		3, 19. 20				28, 16-20	16, 15-18	....	....		
14, 13-36	6, 30-56	9, 10-17	6	എപ്രിൽ 782	29				അപ്പൊ. പ്ര.	മെയി	മെയി
15, 1-20	7, 1-23	....	7, 1				16, 19. 20	24, 49-53	1, 4-12	730	30

സൂചകം: ഈ പട്ടിക പ്രകാരം വായിപ്പാൻ പോകുമ്പോൾ പ്രബന്ധത്തിലെ അതാത് സ്ഥലവും കൂടെ നോക്കിയാൽ മാത്രം ഏതു സുവിശേഷത്തിൽനിന്നു ഒന്നാമത് വായിക്കേണ്ടതെന്നറിയാം.

272,000,000

OUTLINES

OF

GOSPEL HARMONY

കാലക്രമാനുസാരമായി

രചിച്ച

യേശു ക്രിസ്തുൻെറ ജീവചരിത്രം

MANGALORE
PRINTED BY STOLZ & HIRNER, BASEL MISSION PRESS
1874